# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ./കെ.എൻ.ആർ./സി.1/303/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 20/03/2023
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 1-6-1,1-6-2,1-6-3,1-6-4,1-6-5,1-6-6 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ./കെ.എൻ.ആർ./സി.1/303/2023 തീയ്യതി: 20/03/2023

## കണ്ണൂർ ജില്ലയിലെ പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 23-06-2022 മുതൽ 21-02-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 47 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 04-03-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.രാജിലൻ എം സി | ഡെപ്യൂട്ടി ഡയറക്ടർ | 22-02-2023 | 04-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-02-2023 | 04-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സിന്ധു ടി.പി., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)

ശ്രീ. ഗണേശൻ കേളോത്ത്, അസി. ഓഡിറ്റ് ഓഫീസർ

ശ്രീ. ശ്രീനാഥ് വി., ഓഡിറ്റർ

ശ്രീ. നിഖിൽ കെ., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.വി. എം. ഉണ്ണിക്കൃഷ്ണൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി. മഞ്ജുഷ പി വി കെ | സെക്രട്ടറി | 01-04-2021 | 12-09-2021 |
| ശ്രീ.അനിൽ കുമാർ പാടാച്ചേരി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 13-09-2021 | 29-09-2021 |
| ശ്രീമതി മഞ്ജുഷ പി വി കെ | സെക്രട്ടറി | 30-09-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി നിഷ ജി | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.വിനീത് പണിക്കർ | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ മഞ്ജുഷ എൻ | മെഡിക്കൽ ഓഫീസർ, ജി എ ഡി | 01-04-2021 | 31-03-2022 |
| ഡോ എം എൻ അനിത | മെഡിക്കൽ ഓഫീസർ, പി എച്ച് സി | 01-04-2021 | 31-03-2022 |
| ശ്രീമതി സൗമ്യ സി എച്ച് | വി ഇ ഒ പാടിയോട്ടുചാൽ സർക്കിൾ | 01-04-2021 | 01-09-2021 |
| ശ്രീ വിവേക് ഭാസ്കരൻ എം | വി ഇ ഒ പാടിയോട്ടുചാൽ സർക്കിൾ | 02-09-2021 | 31-03-2022 |
| ശ്രീമതി ശ്രീലത കെ | വി ഇ ഒ , പെരിങ്ങോം സർക്കിൾ | 01-04-2021 | 31-03-2022 |
| ശ്രീമതി ലീന കെ കെ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീ രാജേഷ് എം കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ അനിൽ കുമാർ പാടാച്ചേരി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി പ്രീതി പി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി രാധാമണി പി. | ഹെഡ് മിസ്ട്രസ്സ് | 01-04-2021 | 28-11-2021 |

| | | | |
|---|---|---|---|
| ശ്രീ. ശ്രീകുമാർ ഐ.സി. | ഹെഡ് മാസ്റ്റർ | 29-11-2021 | 31-03-2022 |

<u>ഉള്ളടക്കം</u>


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | പെടേന സ്കൂൾ കോമ്പൗണ്ട് വാൾ നിർമ്മാണം - ചെയ്യാത്ത പ്രവൃത്തി എം ബുക്കിൽ ഉൾപ്പെടുത്തി തുക നല്കിയതും മറ്റ് അപാകങ്ങളും-94203രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. | 1-6-1 |
| 9 | കോട്ടോൽ റോഡ്- കൾവർട്ടിനു സമീപം സൈഡ് പ്രൊട്ടക്ഷൻ- ആസൂത്രണത്തിലെ പിഴവ് കാരണം 480274രൂപയുടെ പാഴ്ച്ചെലവ് | 1-6-2 |
| 10 | സിറ്റിസൻ ഇൻഫോർമേഷൻ ബോർഡ് - എസ്റ്റിമേറ്റിലെ അപാകങ്ങൾ- ബോർഡ് നിർമ്മാണ യൂനിറ്റിന് അധിക തുക നല്കി | 1-6-3 |
| 11 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട പൊതു അപാകങ്ങൾ | 1-6-4 |
| 12 | വ്യക്തിഗത ഗുണഭോക്താക്കൾക്ക് ആനുകൂല്യം- പ്രവൃത്തി പൂർത്തീകരിക്കാത്തവരിൽ നിന്നും തുക തിരിച്ചു പിടിച്ചിട്ടില്ല | 1-6-5 |
| 13 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- സാധനങ്ങളുടെ സമാഹരണം- അപാകങ്ങൾ | 1-6-6 |
| 14 | ക്ഷേമപദ്ധതികൾ | 1-7 |
| 15 | ക്ഷേമപെൻഷൻ -കണക്കുകൾ പൊരുത്തപ്പെടാത്തതും മറ്റ് അപാകങ്ങളും | 1-7-1 |
| 16 | ക്യാഷ് ബാലൻസ് | 1-8 |
| 17 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-9 |
| 18 | ഗ്രാമസഭ | 1-10 |
| 19 | കെട്ടിടങ്ങളുടെ ഉപയോഗക്രമം മാറ്റി രേഖപ്പെടുത്തിയത്- നികുതി നിർണ്ണയത്തിൽ വ്യത്യാസം വന്നു | 1-11 |
| 20 | 60 ച.മി യിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങളെ കാരണം രേഖപ്പെടുത്താതെ നികുതിയിൽ നിന്ന് ഒഴിവാക്കി - അനുബന്ധ രേഖകൾ ഹാജരാക്കിയിട്ടില്ല. | 1-11-1 |

| | | |
|---|---|---|
| 21 | വിമുക്ത ഭടൻമാരുടെ കെട്ടിട നികുതി ഇളവ് - സാക്ഷ്യപത്രം/സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല | 1-11-2 |
| 22 | വസ്തു നികുതി - ഭേദഗതി ഉത്തരവ് പ്രകാരമുള്ള അടിസ്ഥാന നിരക്ക് വിജ്ഞാപനം ചെയ്തിട്ടില്ല. | 1-11-3 |
| 23 | കെട്ടിടങ്ങളുടെ തറവിസ്തീർണ്ണത്തെ അടിസ്ഥാനമാക്കിയുള്ള നിരക്ക് കണക്കാക്കിയതിൽ അപാകത | 1-11-4 |
| 24 | അനധികൃത കെട്ടിട നിർമ്മാണം - അപാകതകൾ | 1-11-5 |
| 25 | കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശിക സംബന്ധിച്ച് | 1-11-6 |
| 26 | എഫ്.ടി.ഇ & ഒ എസ് ലൈസൻസ് അനുവദിച്ചതിലെ അപാകതകൾ സംബന്ധിച്ച്. | 1-12 |
| 27 | പാരാ മെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ - അപാകതകൾ സംബന്ധിച്ച്. | 1-13 |
| 28 | തൊഴിൽ രഹിത വേതനം - വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നല്കി | 1-14 |
| 29 | പുതുക്കിയ സർക്കാർ നിർദ്ദേശങ്ങൾ വരുന്നതിന് മുമ്പേ ആർജ്ജിതാവധി സറണ്ടർ ചെയ്തത് | 1-15 |
| 30 | ഐ കെ എം വിഹിതം നൽകൽ-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. | 1-16 |
| 31 | കേരള പഞ്ചായത്ത് അസോസിയേഷന് ഗ്രാമപഞ്ചായത്തിൽ നിന്നും നൽകേണ്ട വരിസംഖ്യ ,പഞ്ചായത്ത് ഭവൻ ആധുനീകരിക്കുന്നതിനുള്ള ഗ്രാമപഞ്ചായത്ത് വിഹിതം-വിനിയോഗസാക്ഷ്യപത്രവും, കൈപ്പറ്റ് രശീതിയും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. | 1-17 |
| 32 | ഘടകസ്ഥാപനങ്ങൾക്ക് അനാമത്ത് ചെലവ് - മുൻകൂർ ക്രമീകരിച്ചതുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കിയില്ല | 1-18 |
| 33 | പഞ്ചായത്ത് ഓഫീസിലേക്ക് ലാപ്പ് ടോപ്പ് ,പ്രിന്റർ-വി ഇ ഒ ഓഫീസിലേക്ക് പ്രിന്റർ എന്നിവ വാങ്ങൽ-അപാകങ്ങൾ | 1-19 |
| 34 | അങ്കണവാടി പോഷകാഹാര പദ്ധതി-അപാകങ്ങൾ | 1-20 |
| 35 | തരിശുഭൂമി കൃഷിയോഗ്യമാക്കൽ പദ്ധതി - നെൽകൃഷി-അപാകങ്ങൾ | 1-21 |
| 36 | നെൽകൃഷിക്ക് വിത്ത് വിതരണം- കൂലി ചെലവ് സബ്സിഡി-അപാകങ്ങൾ | 1-22 |
| 37 | നെൽകൃഷിക്ക് വിത്ത് വിതരണം കൂലി ചെലവ് സബ്സിഡി (സ്പിൽ ഓവർ)-അപാകങ്ങൾ | 1-23 |
| 38 | ഫാമിലി വെൽഫെയർ സെന്ററുകൾക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ - അപാകങ്ങൾ | 1-24 |
| 39 | പ്രത്യേക കന്നുകുട്ടി പരിപാലനം-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. | 1-25 |

| | | |
|---|---|---|
| 40 | മുട്ടക്കോഴി വിതരണം-അപാകങ്ങൾ - 300000/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു. | 1-26 |
| 41 | PMAY വിഹിതം ബ്ലോക്കിന് കൈമാറൽ -തുക തിരികെ ഒടുക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. | 1-27 |
| 42 | ശുചിത്വ ബോർഡ് സ്ഥാപിക്കൽ - പദ്ധതി അപാകതകൾ | 1-28 |
| 43 | ഭവന പുനരുദ്ധാരണം - പട്ടിക വർഗ്ഗം - പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല | 1-29 |
| 44 | റിട്രോഫിറ്റിംഗ് - ഗാർഹിക ശൗചാലങ്ങളുടെ മാലിന്യ സംസ്കരണത്തിന്റെ അറ്റകുറ്റ പണി - പദ്ധതി അപാകതകൾ | 1-30 |
| 45 | ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണം പൂർത്തിയായിട്ടില്ല. | 1-31 |
| 46 | സുലേഖയിൽ ചെലവ് അധികമായി രേഖപ്പെടുത്തി | 1-32 |
| 47 | ഘടക സ്ഥാപനങ്ങൾക്ക് കുടിവെള്ള സൗകര്യം ഒരുക്കൽ-വിനിയോഗവിവരം ലഭ്യമാക്കിയില്ല | 1-33 |
| 48 | ജലനിധി പദ്ധതിക്ക് പഞ്ചായത്ത് വിഹിതം നൽകൽ--ചെലവ് രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. | 1-34 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | പെടേന സ്കൂൾ കോമ്പൗണ്ട് വാൾ നിർമ്മാണം - ചെയ്യാത്ത പ്രവൃത്തി എം ബുക്കിൽ ഉൾപ്പെടുത്തി തുക നല്കിയതും മറ്റ് അപാകങ്ങളും-94203രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. | 3-1 |
| 2 | അങ്കണവാടി പോഷകാഹാര പദ്ധതി-ട്രാൻസ്പോർട്ടേഷൻ കരാറുകാരന് അധിക തുക നല്കിയത്- 1500 രൂപ തിരിച്ചു പിടിക്കേണ്ടതാണ്. | 3-2 |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |

| | | |
|---|---|---|
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ധനകാര്യ പത്രികകൾ | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തെ ബജറ്റ് 22.02.21 തീയതിയിലെ 67/21 നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 24.03.22 തീയതിയിലെ 92/22(1) നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 77,42,358 | 1,29,48,946 |
| വരവ് | 33,86,90,550 | 27,35,16,266 |
| ആകെ | 34,64,32,908 | 28,64,65,212 |
| ചെലവ് | 34,36,63,070 | 27,42,48,597 |
| നീക്കിയിരിപ്പ് | 27,69,838 | 1,22,16,615 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2022 | 31.07.22(*) | തിരിച്ചയച്ചിട്ടില്ല |

(*)31.07.22 തീയതിയിൽ എയിംസിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ട്.എന്നാൽ ഓഡിറ്റ് തുടങ്ങിയ ശേഷം 25.02.2023 തീയതിയിലാണ് ഹാർഡ് കോപ്പി സമർപ്പിച്ചത്.

## 1-2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ

1.പഞ്ചായത്ത് ഫണ്ട് നെഗറ്റീവ് ആയി തുടരുന്നു. ആയത് യഥാർത്ഥ വസ്തുതകളുമായി പൊരുത്തപ്പെടുന്നില്ല. (ബി-1 ഷെഡ്യൂൾ).സാംഖ്യ സോഫ്റ്റ്‌വെയർ ആരംഭിച്ച സമയത്ത് വന്ന തെറ്റ് കാരണമാണ് ഇത് സംഭവിച്ചതെന്നാണ് മറുപടി നല്കിയത്.

2.ദുരിതാശ്വാസ നിധി- ബി2 ഷെഡ്യൂൾ പ്രകാരമുള്ള തുകയും(18517രൂപ) ബി 17 ഷെഡ്യൂൾ പ്രകാരമുള്ള തുകയും(7617രൂപ) തമ്മിൽ പൊരുത്തപ്പെടുന്നില്ല.ദുരിതാശ്വാസനിധിയിനത്തിൽ ശേഖരിച്ച 10900രൂപ തനതു ഫണ്ടിൽ നിക്ഷേപിച്ചതിനാലാണ് ഇങ്ങനെ സംഭവിച്ചതെന്നും 2022-23 സാമ്പത്തിക വർഷം അപാകം പരിഹരിച്ചിട്ടുണ്ടെന്നുമാണ് അറിയിച്ചത്. 2022-23 വാർഷിക ധനകാര്യ പത്രികയും കുറിപ്പുകളും പരിശോധിച്ച ശേഷം പരാമർശം ഒഴിവാക്കുന്നതാണ്.

3.ബി3 ഷെഡ്യൂളിൽ കാപ്പിറ്റൽ കോൺട്രിബ്യൂഷൻ ഇനത്തിൽ ഉൾപ്പെടുത്തിയ 11,42,89,533രൂപയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. ഐ എൽ ജി എം എസിൽ നറേഷൻ കൃത്യമല്ല.

4.ബി 4 , ആർ പി 30ഷെഡ്യൂളുകളിൽ രേഖപ്പെടുത്തിയ കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നും മറ്റ് ഏജൻസികളിൽ നിന്നും ലഭിച്ച തുകയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഐ എൽ ജി എം എസ് ൽ ഹെഡ് സംബന്ധിച്ച വ്യക്തമായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

5.ബി 5 ഷെഡ്യൂളിൽ Secured Loan ഇനത്തിൽ ഒടുക്കുവാൻ ബാക്കിയുള്ളതായി രേഖപ്പെടുത്തിയത് 2,17,97,000രൂപയാണ്. ലോൺ രജിസ്റ്റർ പ്രകാരം എടുത്ത ആകെ ലോൺ തുക 1,76,45,000രൂപയാണ്. 2019-20, 2020-21,2021-22 സാമ്പത്തിക വർഷങ്ങളിലെ തിരിച്ചടവ് കഴിച്ചുള്ള തുകയാണ് നീക്കിയിരിപ്പായി വരേണ്ടതെന്നിരിക്കെ ആകെ ലോൺ തുകയേക്കാൾ വലിയ തുക ബി 5 ഷെഡ്യൂളിൽ ചേർത്തത് അപാകമാണ്.
സംസ്ഥാന സർക്കാർ വിഹിതമായി 12.06.2019 തീയതിയിൽ ലഭിച്ച 93 ലക്ഷം രൂപ ലോൺ ഇനത്തിലാണ് രേഖപ്പെടുത്തിയത്. ലോൺ രജിസ്റ്ററിലെ അപാകങ്ങൾ പരിഹരിച്ച് കൃത്യമായ വിവരങ്ങൾ എ എഫ് എസിൽ രേഖപ്പെടുത്തി ഹാജരാക്കുന്ന മുറക്ക് പരാമർശം ഒഴിവാക്കുന്നതാണ്.

6. ജീവനക്കാരുടെ ഇൻകംടാക്സ് ടി ഡി എസ് ഇനത്തിൽ പ്രതീക്ഷിത കണക്കുകളുടെ അടിസ്ഥാനത്തിൽ പ്രതിമാസം റിക്കവറി നടത്താതെ ഫിബ്രവരി, മാർച്ച് മാസങ്ങളിൽ വലിയ തുക ഒടുക്കു വരുത്തിയത് ശരിയല്ല. അപാകം ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

7.ഗവൺമെന്റ് സ്കൂളുകൾക്ക് ലാബ് ഉപകരണങ്ങൾ എന്ന ഹെഡിൽ രേഖപ്പെടുത്തിയ 17,23,120 രൂപ യഥാർത്ഥത്തിൽ പ്രോജക്ട് നമ്പർ 187/22 ന്റെ ഭാഗമായി അങ്കണവാടികളിലേക്ക് മേശ , കസേര, ഷെൽഫ് എന്നിവ വാങ്ങിയ ഇനത്തിലുള്ളതാണ്. അതുപോലെ നരമ്പിൽ എൽ പി സ്കൂളിൽ കുട്ടികളുടെ പാർക്ക് നിർമ്മിച്ച ഇനത്തിലുള്ള 1133273 രൂപ

(പ്രോജക്ട് നമ്പർ 22/22) പ്രീ പ്രൈമറി വിദ്യാഭ്യാസം - സർക്കാർ സ്കൂളിൽ കളിസ്ഥലം എന്ന ഹെഡിലാണ് ചേർത്തത്. പ്രോജക്ട് നമ്പർ 63/22 ൽ ആയുർവേദാശുപത്രിക്ക് ഫർണ്ണിച്ചർ വാങ്ങിയത് , വൃദ്ധസദനത്തിലേക്ക് ഫർണ്ണിച്ചർ എന്നാണ് കാണിച്ചത്. (ആർ പി 31, ബി 11 (ഡി) ഷെഡ്യൂളുകൾ)

പാലുല്പാദന സബ്സിഡി ഇനത്തിലുള്ള ചെലവായ 1602500രൂപ മൊബൈൽ മിൽക്കിംഗ് യൂനിറ്റ്സ് അണ്ടർ മിൽക്ക് സൊസൈറ്റീസ് എന്ന ഹെഡിലാണ് ചേർത്തത്.

ആർ പി 17 ൽ കൗൺസലിംഗ് ഫോർ ഗേൾസ് ബിലോ ടീൻ ഏജ് എന്ന ഹെഡിൽ കാണിച്ച ചെലവായ 150000രൂപ ആശ്രയ ഭവന നവീകരണത്തിനുള്ള ചെലവാണ് (പ്രോജക്ട് നമ്പർ 55/22).
ഇതുപോലെ ഹെഡ് മാറി പോസ്റ്റ് ചെയ്ത നിരവധി കേസുകൾ ഉണ്ട്. പ്രോജക്ട് ഡാറ്റാ എൻട്രി നടത്തുന്ന സമയത്ത് സംഭവിച്ച അപാകമാണെന്നാണ് മറുപടി നല്കിയത്. അപാകം ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

8.ബി 12 ഷെഡ്യൂളിൽ സ്ഥിരനിക്ഷേപം ഇനത്തിൽ രേഖപ്പെടുത്തിയത് 22,90,245രൂപയാണ്. ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ പ്രകാരം 25.06.21 തീയതിയിലെ സ്ഥിരനിക്ഷേപം 23,17,972 രൂപയും (പലിശ സഹിതം പുതുക്കിയത്) ഷെയർ സർട്ടിഫിക്കറ്റ് മൂല്യം 30000രൂപയുമാണ്.(ആകെ 2347972രൂപ)

9.ആസ്തി, ഡിപ്രീസിയേഷൻ കണക്കാക്കിയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. റോഡ്സ് & ബ്രിഡ്ജസ് ഇനത്തിൽ 2020-21 ലെ ഡിപ്രീസിയേഷൻ 40,02,204 രൂപയും (ഐ 17 എ ) 2021-22 ലേത് 2,26,63,923 രൂപയുമാണ് . ഇത്രയും വലിയ വ്യത്യാസം വരാനിടയായ സാഹചര്യം വ്യക്തമല്ല.

10.ബി 18 ഷെഡ്യൂളിൽ അദർ അഡ്വാൻസസ് എന്ന ഹെഡിൽ രേഖപ്പെടുത്തിയ 130000രൂപ ഫെസ്റ്റിവെൽ അഡ്വാൻസ് ഇനത്തിലുള്ളതാണെന്നാണ് ലെഡ്ജർ റിപ്പോർട്ടിൽ കാണുന്നത്. ആയത് 2022-23 സാമ്പത്തിക വർഷം പരിഹരിച്ചിട്ടുണ്ടെന്നാണ് അറിയിച്ചത്. 2022-23 സാമ്പത്തിക വർഷത്തെ ഓഡിറ്റിൽ നിജസ്ഥിതി ബോദ്ധ്യപ്പെടുത്തേണ്ടതാണ്.

11.അഡ്വാൻസ് ടു ഇംപ്ലിമെന്റിംഗ് ഓഫീസേഴ്സ് എന്ന ഹെഡിൽ ക്രമീകരിക്കാൻ ബാക്കിയുള്ള 829677 രൂപയിൽ 494677രൂപ മുൻവർഷം മുതൽ തുടരുന്നതാണ്. മുൻകൂർ ക്രമീകരിക്കാതെ വീണ്ടും തുക അനുവദിക്കുന്നത് ശരിയായ നടപടിയല്ല.

12.തൊഴിൽ രഹിത വേതനം( 65280രൂ) സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം (90000രൂ) എന്നീ ഇനങ്ങളിലുള്ള വരവു ചെലവുകൾ ഐ 6, ഐ 14 എ ഷെഡ്യൂളുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

13. പ്രോജക്ട് നമ്പർ 19/22 – അങ്കണവാടി പോഷകാഹാര പദ്ധതിയിനത്തിലെ ചെലവ് 5756645രൂപയാണ്. എന്നാൽ ഐ 14 എ ഷെഡ്യൂളിൽ 59,29,611രൂപയാണ് ചെലവു രേഖപ്പെടുത്തിയത്( 4447794+1481817)

14.സാമൂഹ്യ സുരക്ഷാ പെൻഷൻ- 2020-21 ലെ പെൻഷൻ 2021-22 സാമ്പത്തിക വർഷം വിതരണം ചെയ്തത് ഐ 6, ഐ 14 എ ഷെഡ്യൂളുകളിൽ ഉൾപ്പെടുത്തിയിട്ടില്ല. 2021-22 സാമ്പത്തിക വർഷം അതേ വർഷത്തെ പെൻഷൻ വിതരണം ചെയ്തത് മാത്രമാണ് ഉൾപ്പെടുത്തിയത്. വിശദവിവരങ്ങൾ ഖണ്ഡിക 1-7-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

15. സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- ഐ 6 ഷെഡ്യൂൾ പ്രകാരമുള്ള തുകയും (77,66,766രൂ) സുലേഖ ചെലവു പത്രിക പ്രകാരമുള്ള തുകയും തമ്മിൽ (7562689രൂപ) പൊരുത്തപ്പെടുന്നില്ല.

16. അദർ ഫിനാൻസ് എക്സ് പെൻസസ് എന്ന ഹെഡിൽ ചേർത്ത 35200രൂപയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. ലെഡ്ജറിൽ കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

17.പ്രധാന അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ , അടിസ്ഥാന അനുപാതങ്ങൾ ഇവ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.
18. ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് – കണക്കുകൂട്ടലുകളിൽ പിഴവുണ്ട്. ആകെ ഇൻകം, ഗ്രോസ് സർപ്ലസ്/ഡഫിസിറ്റ് – രേഖപ്പെടുത്തിയ തുകകൾ തെറ്റാണ്. അപാകങ്ങൾ പരിഹരിച്ച ശേഷമുള്ള പത്രിക സമർപ്പിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നമ്പർ 25/2.03.23 ന് നല്കിയ മറുപടി കൂടി പരിഗണിച്ചാണ് പരാമർശം തയ്യാറാക്കിയിട്ടുള്ളത്)

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹1,63,84,683 |
| വരവ് | ₹9,72,23,273 |

| | |
|---|---|
| ആകെ | ₹11,36,07,956 |
| ചെലവ് | ₹9,13,36,285 |
| നീക്കിയിരിപ്പ് | ₹2,22,71,671 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം,ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹95,703 |
| തടസപ്പെടുത്തിയ തുക | ₹7,80,274 |

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 30.07.2022 തീയതിയിലെ 217/22 നമ്പർ തീരുമാന പ്രകാരമാണ് വാർഷിക ധനകാര്യ പത്രിക അംഗീകരിച്ചത്.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് /ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ | 0 | 2,67,73,854 | 2,67,73,854 | 2,56,85,000 | 10,88,854 |
| വികസന ഫണ്ട് – എസ് . സി.പി | 0 | 32,46,082 | 32,46,082 | 29,27,000 | 3,19,082 |
| വികസന ഫണ്ട് -ടി.എസ് .പി | 0 | 9,62,181 | 9,62,181 | 9,14,000 | 48,181 |
| മെയിന്റനൻസ് , റോഡ് | 0 | 1,17,40,000 | 1,17,40,000 | 1,02,45,300 | 14,94,700 |
| മെയിന്റനൻസ് , നോൺ-റോഡ് | 0 | 79,60,925 | 79,60,925 | 53,98,919 | 25,62,006 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -ബേസിക്ക് (*) | 0 | 55,94,930 | 55,94,930 | 46,12,212 | 982718 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -ടൈഡ് (*) | 0 | 1,16,91,681 | 1,16,91,681 | 2950477 | 8741204 |
| ഐ സി ഡി എസ്-കേന്ദ്രവിഹിതം | 12,85,494 | 13,80,188 | 26,65,685 | 14,81,817 | 11,83,865 |
| സാക്ഷരത | 1088 | 44 | 1132 | 0 | 1132 |
| ബെസ്റ്റ് പഞ്ചായത്ത് അവാർഡ്(ജില്ലാതലം) | 10,000 | 0 | 10,000 | 0 | 10,000 |
| എം പി ഫണ്ട് | 8321 | 171 | 8492 | 0 | 8492 |
| മറ്റ് പ്രത്യേക ഉദ്ദേശ്യഗ്രാന്റുകൾ | 1,17,100 | 0 | 1,17,100 | 30,000 | 87,100 |
| ലൈബ്രറി ഗ്രാന്റ് | 0 | 11040 | 11040 | 11040 | 0 |

സുലേഖ ചെലവു പത്രിക പ്രകാരം കേന്ദ്രാവിഷ്കൃത വിഹിതമിനത്തിൽ 3171345രൂപയും സംസ്ഥാനാവിഷ്കൃത വിഹിതമിനത്തിൽ 476802രൂപയും ചെലവുണ്ട്

കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നും മറ്റ് ഏജൻസികളിൽ നിന്നും ലഭിച്ച ഫണ്ടുകളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ കണക്കുകളുടെ കൃത്യത പരിശോധിക്കാനോ വിവരങ്ങൾ രേഖപ്പെടുത്താനോ കഴിഞ്ഞിട്ടില്ല.വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള മുന്നിരിപ്പും വരവും നീക്കിയിരിപ്പും പരിശോധിക്കുമ്പോൾ കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നും ലഭിച്ച തുകയുടെ സുലേഖ

ചെലവു പത്രിക പ്രകാരമുള്ള ചെലവുകൾ കഴിച്ചുള്ള നീക്കിയിരിപ്പ് രേഖപ്പെടുത്തിയതെന്ന് കാണുന്നു. കൃത്യമായ കണക്കുകൾ രേഖപ്പെടുത്തിയ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ ഹാജരാക്കേണ്ടതും വാർഷിക ധനകാര്യ പത്രികയിലെ അപാകം പരിഹരിക്കേണ്ടതുമാണ്.

(*) സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്

ടൈഡ് ഫണ്ട് 4517681രൂപയും ബേസിക്ക് ഗ്രാന്റിൽ 811930 രൂപയും ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റിയിടാത്ത അലോട്ട്മെന്റുകളാണ് . ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റിയിട്ട തുക + പലിശ = 1,20,40,839രൂപ. 31.03.22 തീയതിയിലെ ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പ് 60,72,097രൂപ. 36,51,825രൂപ യഥാസമയം ചെലവഴിക്കാത്തതിനാൽ ലാപ്സായിട്ടുണ്ട് . ( രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ കൃത്യമായ കണക്കുകൾ ലഭ്യമല്ല. ബാങ്ക് അക്കൗണ്ടിലെയും എ സി ആറിലേയും വിവരങ്ങൾ അടിസ്ഥാനമാക്കിയാണ് പരാമർശം തയ്യാറാക്കിയത് ). കൃത്യമായ കണക്കുകൾ ലഭ്യമാക്കേണ്ടതാണ്.

ഗ്രാന്റ് സ്റ്റേറ്റ്മെന്റ്

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടുണ്ട്. എന്നാൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വിവരങ്ങളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 163 | 10,43,22,604 | 129 | 6,71,04,067 | 28 | 34 | 101 | 62% |

നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിവരങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | അടങ്കൽ | ചെലവ് | ചെലവു ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 11 | 11 | 6386770 | 4745640 | 74.3 |
| വെറ്റിനറി സർജൻ | 6 | 5 | 3700000 | 1449600 | 39.18 |
| മെഡിക്കൽ ഓഫീസർ , സി എച്ച് സി | 2 | 2 | 9,76,000 | 6,14,328 | 62.94 |
| മെഡിക്കൽ ഓഫീസർ , ആയുർവേദ | 4 | 4 | 20,00,000 | 19,99,699 | 99.98 |
| വി ഇ ഒ | 20 | 15 | 3,11,04,958 | 1,29,44,052 | 41.6 |
| ഐ സി ഡി എസ് സൂപ്പർ വൈസർ | 8 | 3 | 1,08,87,362 | 89,27,315 | 90 |
| സെക്രട്ടറി | 28 | 22 | 78,14,388 | 67,72,021 | 86.66 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 71 | 58 | 3,75,15,915 | 2,64,22,015 | 70.43 |
| ഹെഡ്മാസ്റ്റർ | 1 | 1 | 10,00,000 | 10,00,000 | 100 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 16,02,500 | 16,02,500 | 100 |
| അസിസ്റ്റന്റ് സെക്രട്ടറി | 11 | 7 | 13,34,711 | 6,26,897 | 46.97 |
| | 163 | 129 | 10,43,22,604 | 6,71,04,067 | 64.3 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 500 | 955929 | 956429 | 9,26,242 | 30,187 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് , മെറ്റീരിയൽ ബിൽ ഉൾപ്പെടെ | 0 | 7,84,50,937 | 7,84,50,937 | 7,84,50,937 | 0 |
| | 500 | 7,94,06,866 | 7,94,07,366 | 7,93,77,179 | 30,187 |

1.6,97,75,751 രൂപയാണ് ഇൻകം & എക്സ് പെൻ്റിച്ചർ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയത്. ഇതിൽ ആസ്തി നിർമ്മാണത്തിനായി ചെലവഴിച്ച തുക ഉൾപ്പെടുന്നില്ല എന്നാണ് വിശദീകരിച്ചത്.
2.30000/- രൂപ മികവ് പരിപാടിക്കായി ലഭിച്ചതും 65947.5 രൂപ ജി ഐ എസ് സർവ്വേ നടത്തുന്നതിനായി ലഭിച്ചതുമാണ്. ജി ഐ സ് സർവ്വേ ഇനത്തിൽ 61657 രൂപ ചെലവഴിച്ചു. 3760 രൂപ തിരിച്ചടച്ചിട്ടുണ്ട്. ബാക്കി വരുന്ന 530.50 രൂപയുടെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. മികവ് പദ്ധതിക്കായി ലഭിച്ച തുക ഓഡിറ്റ് വർഷം ചെലവഴിച്ചിട്ടില്ല.
അവലോകനം
644 പദ്ധതികൾ നടപ്പാക്കുന്നതിനാണ് ഓഡിറ്റ് വർഷം അനുമതി ലഭിച്ചത്. 329 പദ്ധതികൾ ഏറ്റെടുത്തതിൽ 239 എണ്ണം പൂർത്തിയാക്കിയിട്ടുണ്ട്. ഇതിൽ 253 എണ്ണം വ്യക്തിഗത പ്രവൃത്തികളും 20 എണ്ണം റോഡ്, നടപ്പാത നിർമ്മാണവും ആണ്. 14 മഴക്കുഴികളും നിർമ്മിച്ചിട്ടുണ്ട്.
ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം 5556 ഉം തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം 2960 ഉം ആണ്. 1137 പേർ നൂറ് തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കി.

### 1-6-1 പെടേന സ്കൂൾ കോമ്പൗണ്ട് വാൾ നിർമ്മാണം - ചെയ്യാത്ത പ്രവൃത്തി എം ബുക്കിൽ ഉൾപ്പെടുത്തി തുക നല്കിയതും മറ്റ് അപാകങ്ങളും-94203രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

| | |
|---|---|
| വർക്ക് കോഡ് | 1602008006/എ വി/ 265494 (എം എൻ ആർ ഇ ജി എസ്) |
| എം ബുക്ക് നമ്പർ | 158/21-22 |
| അടങ്കൽ | ₹4,93,000 |
| ചെലവ് | ₹478673 |
| വെണ്ടറുടെ പേര് | ശ്രീ ജനാർദ്ദനൻ കെ, എസ്റ്റിമേറ്റ് നിരക്ക് |

പെടേന ജി എൽ പി എസ് ൽ ചുറ്റുമതിൽ നിർമ്മിക്കുന്നതിനായി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി തയ്യാറാക്കിയ പദ്ധതിയാണിത്. 155.25 മീറ്റർ നീളത്തിൽ 1.5 മീറ്റർ ഉയരത്തിലുമാണ് ചുറ്റുമതിൽ നിർമ്മിച്ചത്. പ്രവൃത്തി നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1.സൈറ്റ് പ്ലാൻ ഹാജരാക്കിയിട്ടില്ല.

2.ബോർഡ് സ്ഥാപിക്കുന്നതിനായി 4990/- രൂപ നല്കിയിട്ടുണ്ട്. ചുറ്റുമതിലിൽ തന്നെയാണ് വിവരങ്ങൾ രേഖപ്പെടുത്തിയതെന്ന് സ്ഥലപരിശോധനയിൽ വ്യക്തമായിട്ടുണ്ട്. ചുമരിൽ സിമന്റ് തേച്ച് ബോർഡ് എഴുതുകയാണ് ചെയ്തത്.ബോർഡിനുള്ള എസ്റ്റിമേറ്റിലെ 5 മുതൽ 8 വരെയുള്ള ഇനങ്ങൾക്ക് മാത്രമാണ് അർഹതയുള്ളത്. (പ്ലാസ്റ്ററിംഗ്- 640.76+പെയിന്റിംഗ്- 271.26+ലെറ്റർ റൈറ്റിംഗ്- 800+കണ്ടിജൻസീസ് - 200 ) ആകെ - 1912/- രൂപ. അധികം നല്കിയ തുക (4990-1912= 3078 രൂപ) തിരിച്ചു പിടിക്കേണ്ടതാണ്.

4.ഫയലിൽ ഉൾപ്പെടുത്തിയ ഫോട്ടോകൾ പ്രകാരവും എം എൻ ആർ ഇ ജി എസ് വിഭാഗത്തിൽ നിന്ന് അറിയിച്ചതു പ്രകാരവും മുകൾ ഭാഗത്തും പില്ലറുകളിലും മാത്രമാണ് പ്ലാസ്റ്ററിംഗ് നടത്തിയിട്ടുള്ളത്. എന്നാൽ മുഴുവനായും പ്ലാസ്റ്ററിംഗ് ചെയ്തതായി എം ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. (ഇനം നമ്പർ 5).
ചുറ്റുമതിൽ നിർമ്മാണത്തിൽ പ്ലാസ്റ്ററിംഗ് അവശ്യഘടകമല്ലാത്തതിനാൽ ഈ ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതും ശരിയല്ല.

| എസ്റ്റിമേറ്റ് പ്രകാരമുള്ള അളവ് (ഇനം 5) | എംബുക്കിൽ രേഖപ്പെടുത്തിയ അളവ് (പേജ് 5) | ചെയ്ത അളവ് |
|---|---|---|

| | | |
|---|---|---|
| 90*3*1.5=405ച മീ, 45*3*0.2=27 ച മീ<br>90*0.35*1.5=47.25ച മീ , 45*0.35*0.35=5.512ച മീ | 90*3*1.5=405ച മീ, 45*3*0.2=27ച മീ<br>90*0.35*1.5=47.25ച മീ, 45*0.35*0.35=5.512ച മീ | 45*3*0.2=27ച മീ<br>90*0.35*1.5=47.25ച മീ<br>45*0.35*0.35=5.512 ച മീ |
| ആകെ 484.76ച മീ | ആകെ 484.76ച മീ | ആകെ 79.762ച മീ |

പ്രവൃത്തി ചെയ്യാതെ വാല്യേഷൻ രേഖപ്പെടുത്തിയ അളവ് 405 ച മീ.

നിരക്ക് 225.001 / ച മീ

അധികം നല്കിയത് 405*225.001 = 91125 രൂപ

ചെയ്യാത്ത അളവുകൾ എം ബുക്കിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയത് ഗുരുതരമായ അപാകമാണ്.
5. പ്രവൃത്തി നടത്തുന്നതിനാവശ്യമായ മുഴവൻ സാധനങ്ങളും 01.10.2021 തീയതിയിൽ ശ്രീമതി റീത്ത വർഗീസ് (മേറ്റ്)കൈപ്പറ്റിയതായി മെറ്റീരിയൽ രജിസ്റ്ററിലെ 10,11 രജിസ്റ്ററുകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്.പ്ലാസ്റ്ററിംഗ് നടത്താത്തതിനാൽ ബാക്കി വന്ന സിമന്റും മണലും തിരിച്ചേൽപ്പിച്ചിട്ടില്ല.
ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 46/03.03.23) നല്കിയ മറുപടിയിൽ പ്ലാസ്റ്ററിംഗ് ചെയ്യുന്നതാണെന്നും ബോർഡ് സ്ഥാപിക്കുന്നതിന് അധികം നല്കിയ തുക തിരിച്ചടക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.
94203 രൂപയുടെ (91125+3078) ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

## 1-6-2 കോട്ടോൽ റോഡ്- കൾവർട്ടിനു സമീപം സൈഡ് പ്രൊട്ടക്ഷൻ- ആസൂത്രണത്തിലെ പിഴവ് കാരണം 480274രൂപയുടെ പാഴ്ച്ചെലവ്

| | |
|---|---|
| വർക്ക് കോഡ് | ആർ സി / 323731 (എം എൻ ആർ ഇ ജി എസ്) |
| എം ബുക്ക് നമ്പർ | 96/21-22 |
| അടങ്കൽ | ₹4,82,800 |
| ചെലവ് | ₹4,80,274 |
| വെണ്ടറുടെ പേര് | ശ്രീ ടോമി തോമസ് കെ, എസ്റ്റിമേറ്റ് നിരക്ക് |

കോട്ടോൽ റോഡിൽ കൾവർട്ടിനു സമീപം സംരക്ഷണ പ്രവൃത്തികൾ ചെയ്യുന്നതിനു വേണ്ടി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ പെടുത്തി 482800രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും 480274 രൂപ ചെലവഴിച്ച് പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 01.06.2021 തീയതിയിൽ പ്രവൃത്തി ആരംഭിച്ചതായാണ് സിറ്റിസൻ ഇൻഫർമേഷൻ ബോർഡിൽ രേഖപ്പെടുത്തിയിട്ടുള്ളത്. 45 മീറ്റർ നീളത്തിൽ റോഡിനിരുവശവും 1:6 സിമന്റ് ചാന്തിൽ ചെങ്കല്ല് കെട്ടി സംരക്ഷിച്ചതായാണ് എസ്റ്റിമേറ്റിലും എംബുക്കിലും രേഖപ്പെടുത്തിയിട്ടുള്ളത്. ഫയലിൽ സൂക്ഷിച്ച ഫോട്ടോയിൽ സിമന്റ് ചാന്തില്ലാതെ കല്ലുകൾ അടുക്കി വയ്ക്കുക മാത്രം ചെയ്തതായി കണ്ടതിനാൽ നടത്തിയ സ്ഥലപരിശോധനയിൽ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി നടത്തിയ യാതൊരു പ്രവൃത്തിയും കാണാൻ സാധിച്ചില്ല. സിറ്റിസൻ ഇൻഫർമേഷൻ ബോർഡ് മാത്രമാണ് സൈറ്റിൽ ഉണ്ടായിരുന്നത്. പി എം ജി എസ് വൈ പദ്ധതിയിൽ ഉൾപ്പെടുത്തി റോഡിനിരുവശവും സംരക്ഷണ ഭിത്തി സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. റോഡ് പ്രവൃത്തി നടന്നു കൊണ്ടിരിക്കുന്നു.







തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി കെട്ടിയ കല്ലുകൾ ജെ സി ബി ഉപയോഗിച്ച് നീക്കം ചെയ്ത് റോഡരികിലും സമീപത്തുള്ള പറമ്പിലുമായി ചിതറിക്കിടക്കുന്ന അവസ്ഥയിലാണ്. ഏകദേശം 7700 ചെങ്കല്ലുകളാണ് പ്രവൃത്തിക്കായി ഉപയോഗപ്പെടുത്തിയിരുന്നത്. കല്ലുകളിൽ സിമന്റ് ചാന്തിന്റെ അളവ് തീരെ കുറവായിരുന്നു. കല്ലുകൾ അട്ടിയിടുകയോ ഉപയോഗയോഗ്യമായവ തരംതിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല. പുനരുപയോഗ യോഗ്യമായ സാധനങ്ങൾ മറ്റ് പ്രവൃത്തികൾക്ക് ഉപയോഗപ്പെടുത്തുന്നതിനുള്ള സാധ്യതകൾ പരിശോധിക്കേണ്ടതാണ്.

കോട്ടോൽ റോഡിന്റെ അസറ്റ് കോഡ് അറിയിക്കേണ്ടതാണ്.ഹാജരാക്കിയ അസറ്റ് റജിസ്റ്ററിൽ പ്രസ്തുത റോഡ് ഉൾപ്പെടുത്തിക്കാണുന്നില്ല. (പെരിങ്ങോം കോട്ടോൽ റോഡ് ആസ്തി രജിസ്റ്ററിൽ ഉണ്ടെങ്കിലും പ്രസ്തുത റോഡിലല്ല ഈ

പ്രവൃത്തി വരുന്നത്). പി എം ജി എസ് വൈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി റോഡ് വിട്ടു നല്കിയത് ഏത് വർഷമാണെന്ന് വ്യക്തമല്ല. (അരവഞ്ചാൽ കോട്ടോൽ കാഞ്ഞിരപ്പൊയിൽ ഉദയംകുന്ന് റോഡ്). റോഡ് വിട്ടുനല്കുന്നതിനായുള്ള ഗ്രാമപഞ്ചായത്ത് തീരുമാനം നമ്പർ അറിയിക്കേണ്ടതാണ്. 2021 ഒക്ടോബർ മാസമാണ് പ്രസ്തുത റോഡ് പി എം ജി എസ് വൈ പദ്ധതിയിൽ ഉൾപ്പെടുത്തിയതായുള്ള അറിയിപ്പ് വന്നിട്ടുള്ളത്.പ്രൊപ്പോസൽ തീയതി വ്യക്തമല്ല.

എം എൻ ആർ ഇ ജി എസ് പ്രവൃത്തികൾ നടത്തുന്ന പൊതു ആസ്തികൾ ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുന്നവയാണെന്ന് ഉറപ്പ് വരുത്തേണ്ടതും അസറ്റ് കോഡ് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിന്റേതല്ലാത്ത ആസ്തികളിൽ പ്രവൃത്തികൾ നടത്തുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

ആസൂത്രണത്തിലെ അപാകങ്ങൾ കാരണം ദാരിദ്ര്യ നിർമ്മാർജ്ജനത്തിനായി ഉപയോഗപ്പെടുത്തേണ്ടിയിരുന്ന 480274 രൂപ നഷ്ടമായതായി ഓഡിറ്റിൽ വിലയിരുത്തുന്നു. ഇതു സംബന്ധിച്ച ചർച്ചകൾ സ്റ്റാൻഡിംഗ് കമ്മിറ്റികളിലോ ഭരണസമിതിയിലോ ഗ്രാമസഭയിലോ വന്നിട്ടില്ല എന്നത് മോണിറ്ററിംഗ് സംവിധാനത്തിലെ പിഴവായി കാണുന്നു. സ ഉ (സാധാ) നമ്പർ 334/2012 തീയതി 02.12.2012 ൽ പി എം ജി എസ് വൈ റോഡിൽ യാതൊരു പ്രവൃത്തിയും എം എൻ ആർ ഇ ജി എസ് മുഖേന നടത്തരുത് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

സമാന അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.480274രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു.

### 1-6-3 സിറ്റിസൻ ഇൻഫോർമേഷൻ ബോർഡ് - എസ്റ്റിമേറ്റിലെ അപാകങ്ങൾ-ബോർഡ് നിർമ്മാണ യൂനിറ്റിന് അധിക തുക നല്കി

(എ)ഗ്രാമപഞ്ചായത്തിലെ എം എൻ ആർ ഇ ജി എസ് പ്രവൃത്തികളുടെ ഭാഗമായി സൃഷ്ടിക്കുന്ന ആസ്തികളുടെ ബോർഡുകൾ സ്ഥാപിക്കുന്നതിനായി ചുമതലപ്പെടുത്തിയത് 'ചങ്ങാതിക്കൂട്ടം ,വാച്ചാൽ' എന്ന യൂനിറ്റിനെയാണ്. താഴെ പറയുന്ന സ്പെസിഫിക്കേഷനുകളുള്ള ബോർഡുകൾ സ്ഥാപിക്കുന്നതിനാണ് പ്രസ്തുത യൂനിറ്റിന് നിർദ്ദേശം നല്കിയിട്ടുള്ളത്.

| Sl No | Description | Unit | Rate | Individual CIB,size 0.6*0.9(qty And Amount) | Community CIB 0.9m*1.2m(qty And Amount) |
|---|---|---|---|---|---|
| 1 | Earth Work In Excavation By Manual Means Over Areas Exceeding 30cm In Depth 1.5 Cm In Width And 10 M2 On Plain | Cum | 225.47 | 0.24cum, ₹54.11 | 0.32cum, ₹72.15 |
| 2 | Filling Available Excavated Earth In Trenches | Cum | 125.75 | 0.04cum,₹5.03 | 0.05cum,₹6.29 |
| 3 | Steel Reinforcement For RCC- TMT Bars | Kg | 69.85 | 7kg,₹488.95 | 13kg, ₹908.5 |
| 4 | Providing And Laying In Position Specified Grade Of RCC , Excluding The Cost Of Centering And Shuttering , Finishing And Reinforcement – All Work Upto Plinth Level -1:1.5:3(1cement, 1.5 Sand And 3 Graded Stone Aggregate 20mm Nominal Size) | Cum | 7352.51 | 0.15cum,₹1102.88 | 0.3cum,₹2205.75 |
| 5 | 15mm Cement Plaster Mix 1:6 | Sqm | 185.2 | 1.99sqm,₹368.55 | 3.46sqm,₹640.79 |
| 6 | Wall Painting With Acrylic Emulsion Paint | Sqm | 78.4 | 1.99sqm,₹156.02 | 3.46sqm,₹271.26 |
| 7 | Letter Writing And Logo | LS | | ₹700 | ₹800 |

| | | | | | |
|---|---|---|---|---|---|
| 8 | Contingencies | LS | | ₹140 | ₹140 |
| | Total | | | ₹3016<br>(Ltd To 3000) | ₹5044<br>(Ltd To 5000) |

ബോർഡുകൾ സ്ഥാപിക്കുന്നതിനായുള്ള സാമ്പിൾ എസ്റ്റിമേറ്റുകൾ എം എൻ ആർ ഇ ജി എസ് നിർദ്ദേശങ്ങളിൽ(file No. K11023/1/1/2017-MNREGA(IV) Dated 07.04.2017) വ്യക്തമാക്കിയിട്ടുണ്ട്. ആയത് പ്രകാരം SOR പ്രകാരം എസ്റ്റിമേറ്റുകൾ തയ്യാറാക്കി ഒരു പ്ലാറ്റ്ഫോമിൽ സ്ഥിരമായി നിർത്തുന്ന രീതിയിലുള്ള ബോർഡുകൾ സ്ഥാപിക്കേണ്ടതാണ്. കൂടാതെ 1:4:8 കോൺക്രീറ്റ് മിക്സ് ഉപയോഗപ്പെടുത്താനാണ് സാമ്പിൾ എസ്റ്റിമേറ്റിൽ നിർദ്ദേശിച്ചിട്ടുള്ളത്. പ്രബലിത കോൺക്രീറ്റ് ഉപയോഗിക്കാൻ നിർദ്ദേശമില്ല. ഇവിടെ ടി എം ടി ബാറുകൾ ഉപയോഗിച്ച് 1:1.5:3 പ്രബലിത കോൺക്രീറ്റിൽ ബോർഡ് നിർമ്മിക്കാനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്.

പത്തു വർഷം സൈറ്റിൽ നിലനിൽക്കേണ്ട ബോർഡുകൾ, മണ്ണിൽ കുഴിച്ചിടുന്ന തരത്തിലാണ് എസ്റ്റിമേറ്റ് തയ്യാറാക്കി നല്കിയിട്ടുള്ളത്. സ്പെസിഫിക്കേഷനിൽ പറഞ്ഞ രീതിയിലുള്ള (1:1.5:3) ആർ സി സി ബോർഡുകളാണോ (കമ്പികളുടെ സ്ട്രക്ച്ചറൽ ഡിസൈൻ സഹിതം പരിശോധിക്കണം) സ്ഥാപിച്ചതെന്ന കാര്യത്തിലും അന്വേഷണം ആവശ്യമാണ്. എൽ എസ് ജി ഡി വിഭാഗത്തിന്റെ മേൽനോട്ടത്തിൽ ബോർഡുകളുടെ ഗുണമേന്മാ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കേണ്ടതും അധികം നല്കിയ തുക തിരിച്ചു പിടിക്കേണ്ടതുമാണ്.

ഈ രീതിയിൽ സ്ഥാപിക്കുന്ന ബോർഡുകൾ മറിഞ്ഞു വീണ് ഉണ്ടായേക്കാവുന്ന അപകട സാധ്യതയും കണക്കിലെടുക്കേണ്ടതാണ്.

## 1-6-4 ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുമായി ബന്ധപ്പെട്ട പൊതു അപാകങ്ങൾ

ഗ്രാമ പഞ്ചായത്തിൽ ഓഡിറ്റ് വർഷം നടത്തിയ പ്രവൃത്തികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട പൊതു അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. പദ്ധതി ഫയലുകളിൽ പ്രവൃത്തി തുടങ്ങുന്നതിനു മുമ്പും പ്രവൃത്തി നടക്കുമ്പോഴും പ്രവൃത്തി പൂർത്തിയായ ശേഷവും ഉള്ള സൈറ്റുകളുടെ ഫോട്ടോകൾ ഉൾപ്പെടുത്തിയിട്ടില്ല.

2. ആട്ടിൻകൂട്, കോഴിക്കൂട്, പശുത്തൊഴുത്ത് എന്നിവയ്ക്കായി സമർപ്പിക്കുന്ന അപേക്ഷകളിൽ എത്ര എണ്ണത്തിനു വേണ്ടിയുള്ള കൂടാണ് നിർമ്മിക്കാനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുന്നില്ല.

3. കൂടിനു മുകളിൽ തൂക്കിയിടുന്ന രീതിയിലും പശുത്തൊഴുത്തുകളുടെ ചുമരിൽ എഴുതുന്ന രീതിയിലുമാണ് ഇത്തരം പ്രവൃത്തികളിൽ സിറ്റിസൻ ഇൻഫർമേഷൻ ബോർഡുകൾ സ്ഥാപിച്ചിട്ടുള്ളത്. നിലത്ത് ഉറപ്പിച്ചു നിർത്തുന്ന രീതിയിൽ സ്ഥാപിക്കുന്ന ബോർഡിന് (ഇൻഡിവിജ്വൽ ആസ്തി) നല്കാവുന്ന പരമാവധി തുകയായ 3000രൂപ തന്നെ ഇത്തരം ബോർഡുകൾക്കും നല്കിയത് പുനപ്പരിശോധിക്കേണ്ടതും അധികം നല്കിയ തുക തിരിച്ചു പിടിക്കേണ്ടതുമാണ്.

4. കാർഷിക മേഖലയിൽ ചെയ്യുന്ന പ്രവൃത്തികളുടെ ഫയലുകളിൽ കൃഷി ഓഫീസറുടെ സാക്ഷ്യപത്രം ഉൾപ്പെടുത്തിയിട്ടില്ല

5. മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തി തെങ്ങ് , കവുങ്ങ്, റബർ മുതലായവയ്ക്ക് കുഴിയെടുക്കുന്ന പ്രവൃത്തി ചെയ്തിട്ടുണ്ട്. പ്രസ്തുത ഫയലുകളിൽ ഗുണഭോക്താക്കളുടെ അപേക്ഷകളും നികുതി റസീറ്റുകളും ഉൾപ്പെടുത്തിയിട്ടില്ല. എസ്റ്റിമേറ്റിൽ സർവ്വേ നമ്പറോ ഗുണഭോക്താക്കളുടെ പേരോ ചേർത്തിട്ടില്ല. അതുകൊണ്ടു തന്നെ തൊഴിലുറപ്പു പദ്ധതിയിൽ രജിസ്റ്റർ ചെയ്ത് , തൊഴിലെടുക്കുന്നവർക്കു തന്നെയാണോ പദ്ധതി കൊണ്ട് പ്രയോജനം ലഭിച്ചതെന്ന് വ്യക്തമാകുന്നില്ല. ഫയലിൽ അർഹതാ പരിശോധനയ്ക്കാവശ്യമായ രേഖകൾ സൂക്ഷിക്കേണ്ടതും സർവ്വേ നമ്പറുകളും പേരും ഉൾപ്പെടുത്തി അളവുകൾ സുതാര്യമാക്കേണ്ടതുമാണ്.

6. എം ബുക്കുകളിൽ എസ്റ്റിമേറ്റിന്റെ പകർപ്പാണ് രേഖപ്പെടുത്തുന്നത്. അളവുകൾ ഇനം തിരിച്ചും ദിവസം തിരിച്ചും രേഖപ്പെടുത്താതെ ചെയ്ത പ്രവൃത്തികൾ ഒരുമിച്ച് അളവെടുത്തതായി കാണിച്ചത് ശരിയല്ല.

7. റോഡുകളുടെ എസ്റ്റിമേറ്റിൽ ചെയ്നേജ്, സൈറ്റ് പ്ലാൻ ഇവ ഉൾപ്പെടുത്താത്തതും അപാകമാണ്.

8. പൊതു ആസ്തികൾ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലാണ് ചെയ്യുന്നതെന്ന് ഉറപ്പു വരുത്തുന്നതിന് ഗ്രാമപഞ്ചായത്ത് ആസ്തി രജിസ്റ്ററിലെ ക്രമ നമ്പർ അസറ്റ് കോഡ് ഫയലിൽ രേഖപ്പെടുത്തേണ്ടതാണ്.

## 1-6-5 വ്യക്തിഗത ഗുണഭോക്താക്കൾക്ക് ആനുകൂല്യം- പ്രവൃത്തി പൂർത്തീകരിക്കാത്തവരിൽ നിന്നും തുക തിരിച്ചു പിടിച്ചിട്ടില്ല

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 31.05.21 തീയതിയിലെ 152/21 നമ്പർ തീരുമാനം ചുവടെ ചേർക്കുന്നു.

2019-20 സാമ്പത്തിക വർഷം ഏറ്റെടുത്ത വ്യക്തിഗത ആസ്തികളുടെ പണി താഴെ പറയുന്ന ആറ് ഗുണഭോക്താക്കൾ തുടങ്ങാത്തതിനാൽ പ്രസ്തുത പ്രവൃത്തികൾ ഒഴിവാക്കാനും ടി ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് പോയ തുക തിരിച്ചടക്കാനും വേണ്ട നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചു.

| പേര് | വാർഡ് | പ്രവൃത്തി |
|---|---|---|

| | | |
|---|---|---|
| വിനോദ് പി | 4 | പശുത്തൊഴുത്ത് |
| കല്ല്യാണി പി | 12 | പശുത്തൊഴുത്ത് |
| ശോഭ വി കെ | 12 | പശുത്തൊഴുത്ത് |
| രാജമ്മ കേശവൻ | 13 | ആട്ടിൻ കൂട് |
| സുനിത പി | 13 | ആട്ടിൻ കൂട് |
| സുധ പി | 1 | ആട്ടിൻ കൂട് |

തുടർ നടപടികൾ അറിയിക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണം നമ്പർ 44/03.03.23 ന് നല്കിയ മറുപടിയിൽ ആകെ 31603 രൂപയാണ് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് കൈമാറിയതെന്നും നിലവിൽ തുക തിരിച്ച് പിടിച്ചിട്ടില്ലെന്നും തുക തിരിച്ച് പിടിക്കുന്നതിനുള്ള നടപടി എത്രയും പെട്ടെന്ന് സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുക തിരിച്ച് പിടിച്ച് അനുബന്ധ രേഖകൾ സഹിതം മറുപടി ലഭ്യമാക്കി തുടർ നടപടികൾ ഒഴിവാക്കേണ്ടതാണ്.

## 1-6-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- സാധനങ്ങളുടെ സമാഹരണം- അപാകങ്ങൾ

സഉ(കൈ)93/2012 തീയതി 31.03.2012 പ്രകാരം ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട സാധന സാമഗ്രികളുടെ സമാഹരണം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ പ്രൊക്യുർമെന്റ് നടപടിക്രമങ്ങളിൽ പ്രസ്തുത ഉത്തരവിലെ താഴെ പറയുന്ന വ്യവസ്ഥകൾ പാലിക്കപ്പെട്ടിട്ടില്ല.

1. വാങ്ങുന്ന സാധന സാമഗ്രികളുടെ 2.5% വരുന്ന തുക നിരതദ്രവ്യമായി ഗ്രാമപഞ്ചായത്തിൽ ഒടുക്കേണ്ടതാണ്. എം എൻ ആർ ഇ ജി എസ് വിഭാഗത്തിൽ ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ തുക ഒടുക്കിയതുമായി ബന്ധപ്പെട്ട വിവരങ്ങൾ പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.
2. ടെണ്ടർ ഫോറം സ്റ്റോക്ക് & സെയിൽ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
3. ഓരോ പ്രവൃത്തിക്കും ആവശ്യമായ സാധനങ്ങൾക്കായി പ്രത്യേകം ടെണ്ടർ ക്ഷണിക്കുകയാണ് ചെയ്തത്. ഒരേ ടെണ്ടർ നോട്ടീസിൽ ഉൾപ്പെടുന്ന പ്രവൃത്തികൾക്കു പോലും ഒരുമിച്ച് ടെണ്ടർ ക്ഷണിക്കാതിരുന്നത് അപാകമാണ്. ഇ ടെണ്ടർ നടപടികളിലൂടെ കുറഞ്ഞ നിരക്കിൽ സാധനങ്ങൾ ലഭിച്ചേക്കാവുന്നതിനുള്ള സാധ്യത പരിശോധിക്കപ്പെട്ടിട്ടില്ല .
4. ഒരേ റോഡിൽ വരുന്ന പ്രവൃത്തികൾ തന്നെ വിവിധ ഘട്ടങ്ങളായി തിരിച്ച് അഞ്ച് ലക്ഷത്തിൽ താഴെയുള്ള പ്രവൃത്തികളാക്കുകയും ഓവർസിയർ എസ്റ്റിമേറ്റ് തയ്യാറാക്കി എം എൻ ആർ ഇ ജി എസ് അക്രഡിറ്റഡ് എഞ്ചിനീയർ ഉൾപ്പെടുന്ന സാങ്കേതികാനുമതി കമ്മിറ്റി സാങ്കേതികാനുമതി നല്കുകയുമാണ് ചെയ്തിട്ടുള്ളത്. അളവുകൾ രേഖപ്പെടുത്തിയത് ഓവർ സിയറും ചെക്ക് മെഷർമെന്റ് നടത്തിയത് അക്രഡിറ്റഡ് എഞ്ചിനീയറുമാണ്. ഇതുമൂലം പ്രവൃത്തികളിൽ സംഭവിച്ചിട്ടുള്ള അപാകങ്ങളും ക്രമക്കേടുകളും റിപ്പോർട്ട് ചെയ്യപ്പെടാതെ പോയിട്ടുണ്ട്. (1-6-1, 1-6-2 ഖണ്ഡികകൾ കാണുക)
5. ക്രമനമ്പർ 4 ൽ സൂചിപ്പിച്ചതു പ്രകാരം പ്രവൃത്തികൾ ചെയ്തതിനാൽ ഇ ടെണ്ടർ നടപടികൾ ഒഴിവാക്കപ്പെടുകയും ചെയ്തിട്ടുണ്ട്.
6. സാധനസാമഗ്രികളുടെ സംഭരണം- സൈറ്റിൽ എത്തിക്കുന്ന സാധന സാമഗ്രികൾ സ്റ്റാക്ക് ചെയ്യേണ്ട ഉത്തരവാദിത്തം വിതരണക്കാരനിൽ നിക്ഷിപ്തമാണ്.എന്നാൽ സ്റ്റാക്ക് ചെയ്യാതെയും അളവുകൾ പരിശോധിക്കാതെയുമാണ് വിതരണക്കാർക്ക് തുക നല്കിയിട്ടുള്ളത്.
7. ഡി എസ് ആർ 2016 അടിസ്ഥാനമാക്കിയാണ് സെക്വയർ സോഫ്റ്റ് വെയറിൽ എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുള്ളത്. വിതരണക്കാർ സമർപ്പിക്കുന്ന മെറ്റീരിയൽ ബില്ലുകളിൽ എസ്റ്റിമേറ്റിൽ കാണിച്ച തുകയ്ക്കു പുറമേ ജിഎസ് ടി രേഖപ്പെടുത്തുകയും എസ്റ്റിമേറ്റ് പ്രകാരമുള്ള തുക നല്കുകയുമാണ് ചെയ്തിട്ടുള്ളത്. ഡി എസ് ആറിലെ നിരക്കുകൾ ജി എസ് ടി ഉൾപ്പെടെയുള്ളവയാണെന്നതിനാൽ എസ്റ്റിമേറ്റ് നിരക്ക് ജി എസ് ടി ഉൾപ്പെടെയുള്ളത് തന്നെയാണ്. കരാറുകാരിൽ നിന്നും ജി എസ് ടി ടി ഡിഎസ് ഈടാക്കാതെ ബിൽ തുക നല്കിയത് അപാകമാണ്.
8. മേറ്റ് സാധനസാമഗ്രികൾ ഏറ്റു വാങ്ങുന്നതിന്റെ ഫോട്ടോ ഫയലുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.
9. ഒരു പ്രവൃത്തിക്കായി സജ്ജമാക്കിയിട്ടുള്ള സാധനങ്ങൾ അതേ പ്രവൃത്തിക്കു വേണ്ടി ഉപയോഗപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനുള്ള ഉത്തരവാദിത്തം മേറ്റിൽ നിക്ഷിപ്തമാണ്. എന്നാൽ പെടേന സ്കൂൾ ചുറ്റുമതിൽ നിർമ്മാണത്തിൽ മുഴുവൻ സാധനങ്ങളും ഉപയോഗപ്പെടുത്തിയിട്ടില്ല എന്നത് മേറ്റ് ശ്രദ്ധിച്ചിട്ടില്ല.
10. സിറ്റിസൻ ഇൻഫോർമേഷൻ ബോർഡുകളുടെ ഗുണമേന്മ പരിശോധിക്കാതെയും ബന്ധപ്പെട്ട ഉത്തരവുകളിലെ സ്പെസിഫിക്കേഷനുകൾ പാലിക്കാതെയുമാണ് ബിൽ തുക നല്കിയിട്ടുള്ളത്.

അപാകങ്ങൾ പരിഹരിക്കേണ്ടതും സമാന അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | | ആകെ ചെലവ് | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|
| | 2020-21 ലെ തുക 2021-22 ൽ നല്കിയത് | 2021-22 ലെ പെൻഷൻ അതേ വർഷം നല്കിയത്(*) | | |
| തൊഴിൽരഹിത വേതനം | | | 65,280 | 40 |
| കർഷകതൊഴിലാളി പെൻഷൻ | 34,53,300 | 70,97,200 | 1,05,50,500 | 415 |
| വാർദ്ധക്യകാലപെൻഷൻ | 1,73,25,200 | 3,93,83,800 | 5,67,09,000 | 2649 |
| ഭിന്നശേഷി പെൻഷൻ | 25,59,600 | 55,60,500 | 81,20,100 | 368 |
| അമ്പത് വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 5,49,200 | 11,60,000 | 17,09,200 | 72 |
| വിധവാപെൻഷൻ | 1,07,08,100 | 2,32,01,100 | 3,39,09,200 | 1,461 |

വിശദവിവരങ്ങൾ ഖണ്ഡിക 1-7-1ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-7-1 ക്ഷേമപെൻഷൻ -കണക്കുകൾ പൊരുത്തപ്പെടാത്തതും മറ്റ് അപാകങ്ങളും

സാമൂഹ്യ സുരക്ഷാ പെൻഷൻ- 2020-21 ലെ പെൻഷൻ 2021-22 സാമ്പത്തിക വർഷം വിതരണം ചെയ്തത് ഐ 6, ഐ 14 എ ഷെഡ്യൂളുകളിൽ ഉൾപ്പെടുത്തിയിട്ടില്ല. 2021-22 സാമ്പത്തിക വർഷം അതേ വർഷത്തെ പെൻഷൻ വിതരണം ചെയ്തത് മാത്രമാണ് ഉൾപ്പെടുത്തിയത്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പെൻഷൻ തരം | 2020-21 ലെ പെൻഷൻ വിതരണം (DBT Expenditure Reports) | | വ്യത്യാസം (2020-21 ലെ പെൻഷൻ 2021-22 ൽ വിതരണം ചെയ്തത്) | 2021-22 ലെ പെൻഷൻ വിതരണം (As On 31.03.22) (വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയ തുക) | 2021-22 ൽ വിതരണം ചെയ്ത ആകെ തുക |
|---|---|---|---|---|---|
| | As On 31.03.21 | As On 31.03.22 (*) | | | |
| കർഷക തൊഴിലാളി പെൻഷൻ | 7396100 | 10849400 | 3453300 | 7097200 | 10550500 |
| വാർധക്യകാല പെൻഷൻ | 35052000 | 52377200 | 17325200 | 39383800 | 56709000 |
| ഭിന്നശേഷി പെൻഷൻ | 5362000 | 7921600 | 2559600 | 5560500 | 8120100 |
| അമ്പത് വയസിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 1123600 | 1672800 | 549200 | 1160000 | 1709200 |

| | | | | | |
|---|---|---|---|---|---|
| വിധവാ പെൻഷൻ | 22135600 | 32843700 | 10708100 | 23201100 | 33909200 |

(*)2020-21 സാമ്പത്തിക വർഷത്തെ ആകെ പെൻഷൻ ചെലവ്

2020-21 സാമ്പത്തിക വർഷത്തെ ഓരോ ഇനത്തിലുമുള്ള ആവറേജ് പെൻഷൻ തുക പ്രതിമാസ പെൻഷൻ തുകയായ 1600രൂപയിലും കൂടുതൽ വരുന്നതും പരിശോധിക്കപ്പെടേണ്ടതുണ്ട്.

| ഇനം | ആകെ ട്രാൻസാക്ഷൻകൗണ്ട് (As On 31.03.22) | വിതരണം ചെയ്ത തുക(*) | ആവറേജ് |
|---|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 5266 | 10849400 | 2060 |
| വാർധക്യകാല പെൻഷൻ | 26903 | 52377200 | 1946 |
| ഭിന്നശേഷി പെൻഷൻ | 3998 | 7921600 | 1981 |
| അമ്പത് വയസിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 794 | 1672800 | 2107 |
| വിധവാ പെൻഷൻ | 15719 | 32843700 | 2089 |

## 1-8 ക്യാഷ് ബാലൻസ്

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.02.23 ന് രാവിലെ 11.10 മണിക്ക് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 93190 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തിലെ രജിസ്റ്ററുകളുടെയും രേഖകളുടെയും സൂക്ഷിപ്പ് തൃപ്തികരമല്ല. വാർഷിക ധനകാര്യ പത്രികയിൽ നിരവധി അപാകങ്ങൾ കടന്നു കൂടിയിട്ടുണ്ട്. കണക്കുകൾ യഥാസമയം രജിസ്റ്ററുകളിൽ രേഖപ്പെടുത്താതെയും ഐ എൽ ജി എം എസ് ൽ കൃത്യമായ നറേഷൻ രേഖപ്പെടുത്താതെയും ഇരിക്കുന്നത് ഓഡിറ്റ് പരിശോധനയ്ക്ക് സമയനഷ്ടം ഉണ്ടാക്കിയിട്ടുണ്ടെന്ന് മാത്രമല്ല കൃത്യമായ കണക്കുകൾ ലഭ്യമാകാത്ത സാഹചര്യവും ഉണ്ടായിട്ടുണ്ട്. അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ യഥാവിധി പരിപാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതിലേക്ക് വിഷയം ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധയിൽ കൊണ്ടുവരുന്നു.

ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് വർഷം 40 ഗുണഭോക്താക്കളാണ് തൊഴിൽ രഹിത വേതനം കൈപ്പറ്റിയിട്ടുള്ളത്. ഇവരൊന്നും തന്നെ വരുമാന സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടില്ല. സത്യവാങ്മൂലത്തിന്റെ മാത്രം അടിസ്ഥാനത്തിൽ വേതനം വിതരണം ചെയ്തത് സ ഉ (അച്ചടി) നമ്പർ 139/19 തീയതി 15.10.2019 ഉത്തരവിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണ്.

സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളിൽ അനർഹരെ യഥാസമയം ഒഴിവാക്കുന്നുണ്ടെന്നാണ് അറിയിച്ചത്. പ്രസ്തുത വിവരങ്ങൾ രേഖപ്പെടുത്തുന്നതിനായി പ്രത്യേകം രജിസ്റ്റർ പരിപാലിക്കേണ്ടതാണ്.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ആസൂത്രണത്തിലും നിർവ്വഹണത്തിലും നിരവധി അപാകങ്ങൾ ഉണ്ടായിട്ടുണ്ട്. സിറ്റിസൻ ഇൻഫോർമേഷൻ ബോർഡ് കേന്ദ്രസർക്കാർ നിർദ്ദേശ പ്രകാരം സ്ഥാപിക്കാതെ മുഴുവൻ തുകയും നല്കിയതും അപാകമാണ്.പ്രവൃത്തി നടത്തിയ ഉടനെ തന്നെ മറ്റൊരു പദ്ധതിയിൽ പെടുത്തി നിർമ്മാണം നടത്തിയതിനാൽ കോട്ടോൽ റോഡ് സൈഡ് പ്രൊട്ടക്ഷൻ പ്രവൃത്തിക്കായി ചെലവഴിച്ച 4.8 ലക്ഷം രൂപ പാഴായിപ്പോയിട്ടുണ്ട്.

അനധികൃത കെട്ടിട നിർമ്മാണവും ഉപയോഗക്രമം പരിശോധിക്കാതെ നികുതി നിർണ്ണയിക്കുന്നതും അപാകങ്ങളാണ്. നിലവിലുള്ള കെട്ടിടങ്ങളിൽ ഘടനാ പരമായ മാറ്റം വരുത്തിയവയെ കണ്ടെത്തി നികുതി പുനർനിർണ്ണയിക്കുന്നതിനുള്ള

നടപടികളും ഉണ്ടാകേണ്ടതുണ്ട്. ആകെ 5 കെട്ടിടങ്ങളുടെ നികുതി മാത്രമാണ് ഈ രീതിയിൽ പുനർ നിർണ്ണയിച്ചിട്ടുള്ളത്.

ലൈസൻസ് അപേക്ഷകളിൽ മൂലധന നിക്ഷേപം രേഖപ്പെടുത്താത്തതും അന്വേഷണ റിപ്പോർട്ട് ഉൾപ്പെടുത്താതിരുന്നതും ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

ആസൂത്രണവും മോണിറ്ററിംഗും കുറച്ചു കൂടി കാര്യക്ഷമമാക്കേണ്ടതുണ്ട് എന്നാണ് പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നത്. വർക്കിംഗ് ഗ്രൂപ്പുകളിൽ പദ്ധതി അവലോകനം അജണ്ടയാക്കാത്തതും അപാകമാണ്.

അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതിലേക്കായി വിഷയം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽ പെടുത്തുന്നു.

## 1-10 ഗ്രാമസഭ

പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്തിലെ 16 വാർഡുകളിലും 2022 ജനുവരി മാസം ഒരു തവണ ഗ്രാമസഭകൾ ചേർന്നിട്ടുണ്ട്.ഗ്രാമസഭകളിലെ പ്രധാന അജണ്ടകൾ താഴെ പറയുന്നവയാണ്.
പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപപദ്ധതി തയ്യാറാക്കൽ, അതിദാരിദ്ര്യ നിർണ്ണയം – ഗുണഭോക്താക്കളെ അംഗീകരിക്കൽ, 2020-23 ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ലേബർ ബജറ്റ് അംഗീകരിക്കൽ, 2021-22 വാർഷിക പദ്ധതിയിലെ ഗുണഭോക്തൃലിസ്റ്റ് അംഗീകരിക്കൽ, സാമൂഹ്യസുരക്ഷാ പെൻഷൻ പദ്ധതി-ഗുണഭോക്തൃലിസ്റ്റ് അംഗീകരിക്കൽ, 2021-22 വാർഷിക പദ്ധതി അവലോകനം, 2020-21 വാർഷിക വരവ് ചെലവ് കണക്കുകൾ അംഗീകരിക്കൽ, ശുചിത്വം -പ്ലാസ്റ്റിക്ക് നിരോധനം, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2019-20 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.
ഗ്രാമസഭകളിൽ മേൽവിഷയങ്ങൾ സംബന്ധിച്ച ചർച്ചകൾ നടന്നതായി മിനുട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അതാത് ഗ്രാമസഭയിൽ പങ്കെടുത്തവരിൽ പതിനഞ്ചു പേരെങ്കിലും മിനുട്സ് സാക്ഷ്യപ്പെടുത്തിയിരിക്കണമെന്ന വ്യവസ്ഥ പാലിക്കപ്പെട്ടിട്ടില്ല. സർക്കാർ നിർദ്ദേശം പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-11 കെട്ടിടങ്ങളുടെ ഉപയോഗക്രമം മാറ്റി രേഖപ്പെടുത്തിയത്- നികുതി നിർണ്ണയത്തിൽ വ്യത്യാസം വന്നു

പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്തിൽ 2021-22 കാലയളവിൽ എഫ്.ടി.ഇ & ഒ എസ് ലൈസൻസ് എടുത്ത വിവിധ വ്യാപാര സ്ഥാപനങ്ങളുടെ കെട്ടിട നമ്പർ സഞ്ചയയിൽ പരിശോധിച്ചപ്പോൾ ഏതാനും കെട്ടിടങ്ങളുടെ ഉപയോഗക്രമം വ്യത്യസ്തമായാണ് രേഖപ്പെടുത്തിയതെന്ന് കാണാൻ സാധിച്ചു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 19 തീയതി 01.03.2023) മറുപടിയായി ഓഡിറ്റ് എൻക്വയറിയിലെ പട്ടികയിൽ പരാമർശിച്ച ചില കെട്ടിടങ്ങളുടെ നമ്പറുകൾ ലൈസൻസ് രജിസ്റ്ററിൽ തെറ്റായി രേഖപ്പെടുത്തിയതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ വ്യവസായ ആവശ്യത്തിനായി ഉപയോഗിക്കുന്നതിനാൽ ചുവടെ ചേർത്ത കെട്ടിടങ്ങളെ വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ് എന്ന ഗണത്തിൽ ഉൾപ്പെടുത്തിയതാണെന്നും മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്.

| ലൈസൻസ് രജിസ്റ്ററിലെ ക്രമ നമ്പർ | സ്ഥാപന ഉടമയുടെ പേര് | സംരംഭം | വാർഡ്/കെട്ടിട നമ്പർ | ഉപയോഗക്രമം |
|---|---|---|---|---|
| 108 | ബിൻസു ചെറിയാൻ | സ്റ്റോൺ ക്രഷർ | 8/123 | വ്യവസായആവശ്യത്തിനുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ് |
| 271 | രതി എൻ കെ | ബേക്കറി യൂണിറ്റ് | 10/143 A | വ്യവസായആവശ്യത്തിനുള്ളവ -കൈത്തറി ഷെഡ്, കയർ പിരി ഷെഡ് |
| 357 | എ സൽമത്ത് | പലഹാരം നിർമിച്ച് വിൽപന | 1/92 | വ്യവസായആവശ്യത്തിനുള്ളവ -കൈത്തറി ഷെഡ്, കയർ പിരി ഷെഡ് |
| 545 | വിനോദ് | അച്ചാർ, കറി | 5/425 A | വ്യവസായആവശ്യത്തിനുള്ളവ- |

| | | | | |
|---|---|---|---|---|
| | കുമാർ കെ എം | പൌഡർ, ധാന്യപൊടികൾ, പലഹാരങ്ങൾ നിർമിച്ച് വിൽപന | | കൈത്തറി ഷെഡ്, കയർ പിരി ഷെഡ് |

സ.ഉ (അ) 19/2011ത.സ്വ.ഭ.വ. തീയതി 14.01.2011 പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ ഉപയോഗ ക്രമത്തിനനുസരിച്ച് ഓരോയിനം കെട്ടിടങ്ങൾക്കും ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കൂടിയതും കുറഞ്ഞതുമായ പരിധികൾ നിശ്ചയിച്ചിട്ടുണ്ട്. വ്യവസായാവശ്യത്തിനുള്ള കെട്ടിടങ്ങളിൽ ഏതൊക്കെ ഇനം വ്യവസായ കെട്ടിടങ്ങളെ ഉൾപ്പെടുത്താമെന്ന് പ്രസ്തുത ഉത്തരവിൽ പരാമർശിച്ചിട്ടുണ്ട്. മേൽ പട്ടികയിലെ കെട്ടിടങ്ങൾ ഇതിൽ ഉൾപ്പെടുന്നില്ല. ആയതിനാൽ കെട്ടിടങ്ങളുടെ നിജസ്ഥിതി പരിശോധിച്ച് ഈ കെട്ടിടങ്ങളെ ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ എന്ന ഗണത്തിൽ ഉൾപ്പെടുത്തി പുതിയ നിരക്കിലുള്ള നികുതി ഈടാക്കുന്നതിനും, സഞ്ചയയിൽ ആവശ്യമെങ്കി തിരുത്തലുകൾ വരുത്തുന്നതിനുമുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-11-1 60 ച.മി യിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങളെ കാരണം രേഖപ്പെടുത്താതെ നികുതിയിൽ നിന്ന് ഒഴിവാക്കി - അനുബന്ധ രേഖകൾ ഹാജരാക്കിയിട്ടില്ല.

സ.ഉ. (എം.എസ്) 358/15 തി.16.12.2015 പ്രകാരം 60 ച.മി വരെ തറവിസ്തീർണമുള്ള എല്ലാ വാസഗൃഹങ്ങളേയും 2015-16 സാമ്പത്തിക വർഷം മുതൽ വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. സഞ്ചയയിൽ വസ്തു നികുതി, ഉപനികുതി എന്നിവ ഒഴിവാക്കിയ കെട്ടിടങ്ങളുടെ വിവരങ്ങൾ, അസസ്മെന്റ് (ഫോറം 6) എന്നിവ പരിശോധിച്ചപ്പോൾ 60 ച.മി യിൽ കൂടുതൽ വിസ്തീർണമുള്ള ചുവടെ ചേർത്ത കെട്ടിങ്ങൾക്ക് നികുതി ചുമത്തിയിട്ടില്ലെന്ന് കാണാൻ സാധിച്ചു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | തറവിസ്തീർണ്ണം | ഉടമസ്ഥന്റെ പേര് | നികുതി ഒഴിവാകാനുള്ള കാരണം |
|---|---|---|---|---|
| 1 | 1/36 A | 80 ച.മീ | കട്ടപ്പള്ളിൽ ഗോപീദാസ് | രേഖപ്പെടുത്തിയിട്ടില്ല |
| 2 | 2/55 | 85 ച.മീ | പി.വി ഗോപിനാഥൻ | രേഖപ്പെടുത്തിയിട്ടില്ല |
| 3 | 2/101 | 95 ച.മീ | പൊൻമലകുന്നേൽ ജോണി | രേഖപ്പെടുത്തിയിട്ടില്ല |
| 4 | 2/103 | 65 ച.മീ | കൊല്ലപ്പള്ളി തോമസ് | രേഖപ്പെടുത്തിയിട്ടില്ല |
| 5 | 2/110 | 63 ച.മീ | അലകനാൽ വർക്കി | രേഖപ്പെടുത്തിയിട്ടില്ല |
| 6 | 2/292 | 61 ച.മീ | കുന്നത്തറ ബിജു കുര്യാക്കോസ് | രേഖപ്പെടുത്തിയിട്ടില്ല |
| 7 | 2/418 | 62 ച.മീ | പി വി ജാനകി | രേഖപ്പെടുത്തിയിട്ടില്ല |
| 8 | 2/937 | 65 ച.മീ | വി രവീന്ദ്രൻ | രേഖപ്പെടുത്തിയിട്ടില്ല |
| 9 | 2/963 | 95 ച.മീ | കരാള രാമകൃഷ്ണൻ | രേഖപ്പെടുത്തിയിട്ടില്ല |
| 10 | 3/533 | 90 ച.മീ | പി വി അമൽ വിജയൻ | രേഖപ്പെടുത്തിയിട്ടില്ല |
| 11 | 3/713 | 95 ച.മീ | എ വി ശ്രീധരൻ | രേഖപ്പെടുത്തിയിട്ടില്ല |
| 12 | 4/99 | 106 ച.മീ | നങ്ങാരത്ത്മുഹമ്മദ്കുഞ്ഞി | രേഖപ്പെടുത്തിയിട്ടില്ല |
| 13 | 4/231 | 65 ച.മീ | രാമപുരത്ത്കൊഴുമ്മൽ കുഞ്ഞിരാമൻ | രേഖപ്പെടുത്തിയിട്ടില്ല |
| 14 | 4/248 | 70 ച.മീ | ഇടമുള്ളവയലിൽ അപ്പു | രേഖപ്പെടുത്തിയിട്ടില്ല |
| 15 | 4/272 | 65 ച.മീ | ടി.വി.നാരായണൻ | രേഖപ്പെടുത്തിയിട്ടില്ല |
| 16 | 4/291 | 65 ച.മീ | എഴുത്തൻതിടിൽ വീട്ടിൽ നാരായണൻ | രേഖപ്പെടുത്തിയിട്ടില്ല |
| 17 | 5/87 | 65 ച.മീ | പുളുക്കൽ ചെല്ലാനത്ത് ആമിന | രേഖപ്പെടുത്തിയിട്ടില്ല |
| 18 | 5/173 | 75 ച.മീ | വെള്ളരിങ്ങാട്ട് ചെല്ലമ്മ | രേഖപ്പെടുത്തിയിട്ടില്ല |
| 19 | 5/243 | 80 ച.മീ | വാഴപ്പള്ളിയിൽ ഭാസ്കരൻ | രേഖപ്പെടുത്തിയിട്ടില്ല |
| 20 | 5/244 | 80 ച.മീ | വാഴപ്പള്ളിയിൽ ഭാസ്കരൻ | രേഖപ്പെടുത്തിയിട്ടില്ല |
| 21 | 5/403 | 65 ച.മീ | ചാലിൽ പലേരി വത്സലകമാരി | രേഖപ്പെടുത്തിയിട്ടില്ല |
| 22 | 5/463 | 80 ച.മീ | കായക്കൽ തിരുവട്ടൂർ നസീറ | രേഖപ്പെടുത്തിയിട്ടില്ല |

| | | | | |
|---|---|---|---|---|
| 23 | 6/31 | 62 ച.മീ | മണ്ണിശ്ശേരിഫാരിസ | രേഖപ്പെടുത്തിയിട്ടില്ല |
| 24 | 6/563 | 72 ച.മീ | കണ്ണംകോട്ട് ശശി | രേഖപ്പെടുത്തിയിട്ടില്ല |
| 25 | 7/171 | 88 ച.മീ | മുത്തുവാംകുഴി കുഞ്ഞൂഞ്ഞ് | രേഖപ്പെടുത്തിയിട്ടില്ല |
| 26 | 8/73 | 73 ച.മീ | കരിക്കളപീടികയിൽ ഇബ്രായിൽ | രേഖപ്പെടുത്തിയിട്ടില്ല |
| 27 | 8/88 | 64 ച.മീ | മധു മന്ദിരത്തിൽ ആദർശ് | രേഖപ്പെടുത്തിയിട്ടില്ല |
| 28 | 8/103 | 68 ച.മീ | പുതുപറമ്പിൽ സുധാകരൻ | രേഖപ്പെടുത്തിയിട്ടില്ല |
| 29 | 8/115 | 82 ച.മീ | സജി കാവാലം | രേഖപ്പെടുത്തിയിട്ടില്ല |
| 30 | 8/124 | 65 ച.മീ | മുഹമ്മദ് ഷബീർ | രേഖപ്പെടുത്തിയിട്ടില്ല |
| 31 | 9/88 | 68 ച.മീ | പുത്തൻ വീട്ടിൽ മുരളീധരൻ | രേഖപ്പെടുത്തിയിട്ടില്ല |
| 32 | 9/269 | 80 ച.മീ | കാമ്പ്രത്ത് ഹരിദാസ് | രേഖപ്പെടുത്തിയിട്ടില്ല |
| 33 | 9/285 | 70 ച.മീ | ആലയിൽ സന്തോഷ് | രേഖപ്പെടുത്തിയിട്ടില്ല |
| 34 | 9/354 | 68 ച.മീ | ചെന്തല മാധവൻ | രേഖപ്പെടുത്തിയിട്ടില്ല |
| 35 | 10/532 | 68 ച.മീ | ഇടവലത്ത് മറിയക്കുട്ടി | രേഖപ്പെടുത്തിയിട്ടില്ല |
| 36 | 13/544 | 80 ച.മീ | എം ഭഗീരഥൻ | രേഖപ്പെടുത്തിയിട്ടില്ല |
| 37 | 13/560 | 75 ച.മീ | പി പി രമേശൻ | രേഖപ്പെടുത്തിയിട്ടില്ല |
| 38 | 14/378 | 70 ച.മീ | പി ബിജു | രേഖപ്പെടുത്തിയിട്ടില്ല |
| 39 | 14/380 | 80 ച.മീ | പി ഭവാനി | രേഖപ്പെടുത്തിയിട്ടില്ല |
| 40 | 15/217 | 90 ച.മീ | കെ.കെ.കുഞ്ഞിരാമപൊതുവാൾ | രേഖപ്പെടുത്തിയിട്ടില്ല |
| 41 | 15/222 | 70 ച.മീ | പി പി കുഞ്ഞിരാമൻ | രേഖപ്പെടുത്തിയിട്ടില്ല |
| 42 | 15/368 | 100 ച.മീ | ടി എം തോമസ് | രേഖപ്പെടുത്തിയിട്ടില്ല |
| 43 | 16/50 | 68 ച.മീ | കെ വി ജനാർദ്ദനൻ | രേഖപ്പെടുത്തിയിട്ടില്ല |
| 44 | 16/109 | 78 ച.മീ | സി ആയിസുമ്മ | രേഖപ്പെടുത്തിയിട്ടില്ല |
| 45 | 16/300 | 74 ച.മീ | പി വി കുഞ്ഞിരാമൻ | രേഖപ്പെടുത്തിയിട്ടില്ല |
| 46 | 16/357 | 88 ച.മീ | വി പി ഉമ്മുൽകുൽസു | രേഖപ്പെടുത്തിയിട്ടില്ല |
| 47 | 16/636 A | 70 ച.മീ | പി വി സവിത | രേഖപ്പെടുത്തിയിട്ടില്ല |

മേൽ പട്ടികയിലെ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയതിന്റെ കാരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 40 തീയതി 02.03.2023) നൽകിയ മറുപടിയിൽ നിജസ്ഥിതി പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്. കെട്ടിടങ്ങളുടെ ഉപയോഗക്രമം പരിശോധിക്കേണ്ടതും തുടർ നടപടികളുടെ വിശദാംശങ്ങൾ അനുബന്ധ രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-11-2 വിമുക്ത ഭടൻമാരുടെ കെട്ടിട നികുതി ഇളവ് - സാക്ഷ്യപത്രം/സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല

സ.ഉ(കൈ)നം.106/17/തസ്വഭവ തീ.26-05-2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം/സത്യവാങ്മൂലം ഗ്രാമ പഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണെന്നും ഇളവിന് അർഹരായവരുടെ പ്രത്യേക രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. സ.ഉ.(സാധ)1014/2021/തസ്വഭവ തീയതി 19.05.2021 ഉത്തരവ് പ്രകാരം 2021-22 വർഷത്തെ നികുതി ഇളവിനായുള്ള സാക്ഷ്യപത്രം ഹാജരാക്കേണ്ട തീയതി 30-6-2021 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങളെ ഈ ഗണത്തിൽ ഉൾപ്പെടുത്തി 2021-22 വർഷം വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടെങ്കിലും താഴെ പറയുന്ന കെട്ടിട ഉടമകൾ സമർപ്പിച്ച സാക്ഷ്യപത്രം/സത്യവാങ്മൂലം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| വാർഡ് നമ്പർ | കെട്ടിട നമ്പർ |
|---|---|
| 1 | 391,535 |

| | |
|---|---|
| 2 | 117 A |
| 3 | 33 A, 60, 86, 418, 549, 550, 563, 606, 716 A, 728 |
| 4 | 215, 411 B |
| 5 | 214, 381, 455 A, 480, 568 |
| 8 | 203, 215 |
| 9 | 150, 177 A, 196 A, 216, 517, 528 |
| 10 | 111, 153, 376 B |
| 11 | 124, 400 |
| 12 | 43 |
| 13 | 91, 97, 182 B, 183, 235 C, 249, 250 A, 266, 284, 291, 340, 389, 536, 564 B, 617, 623, 632 B, 702 |
| 14 | 51, 126, 280, 328 |
| 15 | 423, 535 A |
| 16 | 674 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 39 തീയതി 02.03.2023) മറുപടിയായി മേൽ പട്ടികയിലെ കെട്ടിടങ്ങൾ മുൻ വർഷങ്ങളിൽ സഞ്ചയ സോഫ്റ്റ് വെയറിൽ നികുതി ഇളവ് ചെയ്ത കാലയളവ് To Period – Continue എന്ന് രേഖപ്പെടുത്തിയതിനാലാണ് അപേക്ഷ വാങ്ങാൻ വിട്ടു പോയതെന്ന് അറിയിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് പ്രകാരം വസ്തു നികുതിയിൽ നിന്നും ഒഴിവാക്കുന്നവരുടെ അർഹത പരിശോധിച്ച് ഇളവിന് അർഹതയുള്ളവരുടെ രേഖകൾ വാങ്ങി സൂക്ഷിക്കാനും രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്താനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11-3 വസ്തു നികുതി - ഭേദഗതി ഉത്തരവ് പ്രകാരമുള്ള അടിസ്ഥാന നിരക്ക് വിജ്ഞാപനം ചെയ്തിട്ടില്ല.

കെട്ടിടങ്ങളുടെ വസ്തുനികുതി ചുമത്തുന്നതുമായി സംബന്ധിച്ച സ.ഉ (അ)19/2011/തസ്വഭവ തീയതി 14-1-2011 പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ ചില ഭാഗങ്ങൾ കൂടി ഉൾപ്പെടുത്തി സ.ഉ(അ) നമ്പർ 36/2015/തസ്വഭവ തീയതി 24-2-2015 പ്രകാരം ഭേദഗതി ചെയ്തിട്ടുണ്ട്. ആയതിനൊപ്പം റസിഡൻഷ്യൽ ഹോം സ്റ്റേ എന്ന വിഭാഗം കൂടി ഉൾപ്പെടുത്തി സ.ഉ(അ) നമ്പർ 53/2020/തസ്വഭവ തീയതി 8-9-2020 പ്രകാരം ഈ വിഭാഗങ്ങളിൽ പെടുന്ന കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞ നിരക്ക് 10 രൂപയായും ഏറ്റവും കൂടിയ കൂടിയ നിരക്ക് 25 രൂപയായും നിശ്ചയിച്ച നൽകിയിട്ടുണ്ട്.ആയതിനനുസരിച്ച് ഓരോ പഞ്ചായത്തും അതത് പഞ്ചായത്തുകൾക്ക് ബാധകമാവുന്ന അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ച് വിജ്ഞാപനം ചെയ്യേണ്ടതാണ്. സഞ്ചയ സോഫ്റ്റ് വെയറിലെ അടിസ്ഥാന നികുതി നിരക്കുകൾ പരിശോധിച്ചതിൽ പഞ്ചായത്തിന് പ്രസ്തുത വിഭാഗം കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് എത്രയാണെന്ന് രേഖപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 9 തീയതി 28.02.2023) മറുപടിയായി അടുത്ത ഭരണ സമിതിയിൽ വച്ച് വസ്തു നികുതി - ഭേദഗതി ഉത്തരവ് പ്രകാരമുള്ള അടിസ്ഥാന നിരക്ക് വിജ്ഞാപനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-11-4 കെട്ടിടങ്ങളുടെ തറവിസ്തീർണ്ണത്തെ അടിസ്ഥാനമാക്കിയുള്ള നിരക്ക് കണക്കാക്കിയതിൽ അപാകത

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്താവുന്നതാണ്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിൽ, 'ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ്'' എന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള

വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണയം നടത്തേണ്ടതാണ്. അതായത് 100/200 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ചെറിയ മുറികൾ/ഹാളുകളായി തിരിച്ചതിൽ 100/200 ചതുരശ്ര മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിൽ നികുതി നിശ്ചയിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ വിവിധ കെട്ടിടങ്ങൾക്ക് നികുതി നിശ്ചയിച്ചിരിക്കുന്നത് താഴെ പറയുന്ന നിരക്കിലാണ്.

| ക്രമ നം | ഇനം | നിരക്ക് / ച.മീ |
|---|---|---|
| 1 | വാണിജ്യാവശ്യത്തിനുള്ള 100 M2 വരെ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 40 |
| 2 | വാണിജ്യാവശ്യത്തിനുള്ള 100 M2 ന മുകളിൽ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 50 |
| 3 | വാണിജ്യാവശ്യത്തിനുള്ള 200 M2 വരെ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 50 |
| 4 | വാണിജ്യാവശ്യത്തിനുള്ള 200 M2 ന മുകളിൽ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 80 |

വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകളും, അസസ്മെന്റ് രജിസ്റ്റർ, സഞ്ചയസോഫ്റ്റ് വെയറും പരിശോധിച്ചതിൽ 100/200 ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ഉയർന്ന നിരക്കിൽ നികുതി നിർണയിച്ചിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഉടമസ്ഥന്റെ പേര് | കെട്ടിട നമ്പർ | പ്ലിന്ത് ഏരിയ (ച.മീ) | നികുതി നിർണ്ണയം നടത്തിയ വർഷം | നിർണ്ണയിച്ച നികുതി (₹/M2) | നിർണ്ണയിക്കേണ്ട നികുതി (₹/M2) |
|---|---|---|---|---|---|---|
| 1 | കൊമ്മച്ചി ഹൈറുന്നിസ | 2/579 A,B,C,D, E,F | 30.32+21+25+35.58+ 25+31<br>ആകെ – 167.7 m2 | 2015-16 | 40 | 50 |
| 2 | തായലെപ്പുരയിൽ ചന്ദ്രശേഖരൻ | 2/781 C,D | 58.3+58.3<br>ആകെ – 116.6 m2 | 2015-16 | 40 | 50 |
| 3 | ചേനൻ വീട്ടിൽ ശശിധരൻ | 2/894 A,B,C,D,E,F,G | 34.1+10+14+12+13+30<br>ആകെ – 113.1 m2 | 2013-14 | 40 | 50 |
| 4 | ഡി മോഹനൻ ഷേണായി | 2/895 A,B,C,D,E,F,G,H | 8.99+13+13+18+12.1+ 13.1+13.1+18.15<br>ആകെ – 109.44 m2 | 2013-14 | 40 | 50 |
| 5 | ഡി ഗണപതി ഷേണായി | 2/896 A,B,C,D,E,F,G,H,J ,K,L,M,N,P,Q | 18.84+23.41+23.41+ 21.08+21.08+20.2+25.73+ 30.35+27.16+28.02+ 28.02+30.35<br>ആകെ – 297.65 m2 | 2015-16 | 40 | 50 |
| 6 | മീത്തലെ വളപ്പിൽ മുഹമ്മദ് കുഞ്ഞി | 7/262 B1,C1,D,E,F,G, H,I,J,K | 19+18+16+12+11+19+ 18+16+12+11<br>ആകെ – 152 m2 | 2014-15 | 40 | 50 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 10 തീയതി 28.02.2023) മറുപടിയായി പുതിയ നിരക്കിലുള്ള

നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-11-5 അനധികൃത കെട്ടിട നിർമ്മാണം - അപാകതകൾ

സഞ്ചയ സോഫ്റ്റ് വെയർ ആപ്ലിക്കേഷനിൽ നിന്നുള്ള റിപ്പോർട്ട് പ്രകാരം പെരിങ്ങോം വയക്കര ഗ്രാമ പഞ്ചായത്തിൽ 102 അനധികൃത കെട്ടിടങ്ങളാണുള്ളത്. ഇതുമായി ബന്ധപ്പെട്ട് ചുവടെ ചേർത്ത അപാകതകൾ കാണാൻ സാധിച്ചു.

1. ഗ്രാമ പഞ്ചായത്തിൽ ക്രമാതീതമായ എണ്ണം അനധികൃത കെട്ടിടങ്ങൾ ഉള്ളതിന്റെ കാരണം വ്യക്തമല്ല.

2. 2/11/UA/12-13 നമ്പർ കെട്ടിടം അനധികൃത കെട്ടിടങ്ങളുടെ പട്ടികയിൽ ഉൾപ്പെട്ടതാണ്. എന്നാൽ ആയതിനെ നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടം എന്ന ഗണത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

3. അനധികൃത കെട്ടിടങ്ങളുടെ ചട്ടലംഘനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ, ചട്ടലംഘനത്തിനെതിരെ സ്വീകരിച്ച നടപടികൾ എന്നിവയൊന്നും പഞ്ചായത്തിൽ പരിപാലിച്ചു വരുന്ന അനധികൃത നിർമാണ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

4. സർക്കാർ ഉത്തരവ് നം. (എം.എസ്) 170/2016 തസ്വഭവ തീയതി 16.11.2016 ലെ ഉത്തരവ് (3) പ്രകാരം UA നമ്പർ നൽകുന്ന വാസഗൃഹങ്ങളുടെ പൂർണ്ണ വിവരം നിർമ്മാണത്തിന്റെ സ്റ്റേജ് വ്യക്തമായി മനസ്സിലാക്കുന്ന വിധം ഫോട്ടോയെടുത്ത് പഞ്ചായത്ത് അധികൃതർ രജിസ്റ്ററിൽ സൂക്ഷിക്കേണ്ടതാണ്. ഈ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല.
5. തദ്ദേശ സ്വയംഭരണ വകപ്പിന്റെ 19.05.2014 തിയതിയിലെ 29342/ആർ.എ1/2014/തസ്വഭവ നമ്പർ സർക്കുലറിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അനധികൃത നിർമ്മാണ രജിസ്റ്റർ സൂക്ഷിക്കേണ്ടതിനെക്കുറിച്ചും രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ട വിവരങ്ങളെക്കുറിച്ചും വ്യക്തമായ നിർദേശങ്ങൾ നൽകിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പരിപാലിക്കേണ്ട അനധികൃത നിർമ്മാണ രജിസ്റ്ററിന്റെ മാതൃക പ്രസ്തുത സർക്കുലറിന്റെ അനുബന്ധം 1 ൽ ചേർത്തിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ പരിപാലിച്ചു വരുന്ന നിർമ്മാണ രജിസ്റ്റർ ഈ മാതൃകയിലുള്ളതല്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 16 തീയതി 01.03.2023) മറുപടിയായി പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണെന്നാണ് അറിയിച്ചിട്ടുള്ളത്. ആയത് തൃപ്തികരമല്ല. ക്രമ നം. 1,2 എന്നിവയിലെ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കൂടാതെ സർക്കാർ നിർദ്ദേശിച്ച മാതൃകയിൽ അനധികൃത നിർമ്മാണ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-11-6 കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശിക സംബന്ധിച്ച്

സഞ്ചയ സോഫ്റ്റ്‌വെയർ ആപ്ലിക്കേഷനിൽ നിന്നുള്ള റിപ്പോർട്ടുകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നതായി കാണുന്നു.

| വാർഡ് നം./ കെട്ടിട നം. | കെട്ടിട ഉടമ | കുടിശ്ശിക | കുടിശ്ശിക കാലയളവ് |
|---|---|---|---|
| 10/7 | തഹസിൽദാർ, തളിപ്പറമ്പ വില്ലേജ് ഓഫീസ് | 13,104 | 2019 ആദ്യ പകുതി മുതൽ |
| 14/200 | വില്ലേജ് ഓഫീസ്, പെരിങ്ങോം | 8400 | 2019 ആദ്യ പകുതി മുതൽ |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 17 തീയതി 01.03.2023) മറുപടിയായി മേൽ പട്ടികയിലെ കെട്ടിടങ്ങളുടെ 2020-21 വരെയുള്ള കുടിശ്ശിക തുക ഒടുക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. കുടിശ്ശിക ഇനത്തിൽ ബാക്കിയുള്ള തുകകൾ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും തുടർ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

## 1-12 എഫ്.ടി.ഇ & ഒ എസ് ലൈസൻസ് അനുവദിച്ചതിലെ അപാകതകൾ സംബന്ധിച്ച്.

31.10.2017 ന് പ്രാബല്യത്തിൽ വന്ന സ ഉ (പി) നം 80/2017, കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ, ചട്ടം 7 പ്രകാരം ലൈസൻസ് ഫീസ് ഈടാക്കുന്നത് വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലായിരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ച അപേക്ഷകളിൽ ഫീൽഡ് പരിശോധനയുടെ അടിസ്ഥാനത്തിൽ മൂലധന നിക്ഷേപം കണക്കാക്കി അന്വേഷണ റിപ്പോർട്ടിൽ രേഖപ്പെടുത്തുന്നതിന്റെ

അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് നിശ്ചയിക്കേണ്ടത്. എന്നാൽ പഞ്ചായത്തിൽ പുതിയ ലൈസൻസിനു വേണ്ടി ലഭിക്കുന്ന പല അപേക്ഷകളിലും മൂലധനനിക്ഷേപം രേഖപ്പെടുത്തുന്നില്ല. അപേക്ഷകളിൻ മേൽ ഫീൽഡ് തല അന്വേഷണം നടത്തി സ്ഥാപനങ്ങളുടെ മൂലധന നിക്ഷേപം കണക്കാക്കി അന്വേഷണ റിപ്പോർട്ടിൽ രേഖപ്പെടുത്തേണ്ടതും ആയതിന് അനുസൃതമായ ലൈസൻസ് ഫീസാണ് സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കുന്നതെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

## 1-13 പാരാ മെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ - അപാകതകൾ സംബന്ധിച്ച്.

2020-21 സാമ്പത്തിക വർഷത്തെ സ്വകാര്യ ആശുപത്രികൾ/പാരാ മെഡിക്കൽ സ്ഥാപങ്ങളുടെ റജിസ്ട്രേഷൻ രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള ചുവടെ പറയുന്ന സ്ഥാപനങ്ങൾ 2021-22 വർഷത്തെ രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല.

| ക്രമ നം | സ്ഥാപന ഉടമ | സ്ഥാപനം | കെട്ടിട നമ്പർ |
|---|---|---|---|
| 1 | നിഖിൽ ജോൺ | ഡെന്റൽ ക്ലിനിക്ക് | 2/587 A |
| 2 | ചെയർമാൻ, മനോദർശൻ ചാരിറ്റബിൾ ട്രസ്റ്റ് | സൈക്കോ സോഷ്യൽ റീഹാബിലിറ്റേഷൻ സെന്റർ | 13/240 |
| 3 | ജോർജീന ജോർജ്ജ് | ഹോമിയോ ക്ലിനിക്ക് | 2/814 AAY |

മേൽ സ്ഥാപനങ്ങൾ 2021-22 വർഷം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നവയാണോ, എഫ്.ടി.ഇ&ഒ.എസ് ലൈസൻസ്, സ്വകാര്യ ആശുപത്രികൾ/പാരാ മെഡിക്കൽ സ്ഥാപനങ്ങൾക്കുള്ള ലൈസൻസ് എന്നിവ പുതുക്കിയിട്ടുണ്ടോ എന്നതിന് വിശദീകരണം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 43 തീയതി 03.03.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-14 തൊഴിൽ രഹിത വേതനം - വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നല്കി

₹42840
₹22440/-
(8/20 മുതൽ 5/21 വരെ) BIMS വഴി
(6/21 മുതൽ 12/21 വരെ) BIMS വഴി
2020 ആഗസ്റ്റ് മുതൽ 2021 മെയ് മാസം വരെയുള്ള (10 മാസം) തൊഴിൽരഹിത വേതനമിനത്തിൽ 40 ഗുണഭോക്താക്കൾക്ക് 42840രൂപയും 2021 ജൂൺ മുതൽ ഡിസംബർ വരെയുള്ള മാസങ്ങളിലെ വേതനമിനത്തിൽ 28 പേർക്ക് 22440രൂപയും വിതരണം ചെയ്തിട്ടുണ്ട്.

സ ഉ (അച്ചടി) നമ്പർ 139/19 തീയതി 15.10.2019 ഉത്തരവിൽ തൊഴിൽ രഹിത വേതന വിതരണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

തൊഴിൽ രഹിത വേതനം കൈപ്പറ്റുന്ന ഗുണഭോക്താക്കളുടെ എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ പുതുക്കൽ നില, വ്യക്തിഗത/കുടുംബ വാർഷിക വരുമാനം, തൊഴിൽ നില , താമസം (മേൽവിലാസം) മുതലായവ എല്ലാ മാസവും വ്യത്യാസപ്പെടാൻ സാധ്യതയുള്ളതിനാൽ ഓരോ തവണയും തൊഴിൽ രഹിത വേതനം അനുവദിക്കുന്നതിന് 15 ദിവസം മുമ്പ് ഗുണഭോക്താവ് മേൽപ്പറഞ്ഞവ തെളിയിക്കുന്ന ബന്ധപ്പെട്ട രേഖകൾ സഹിതം നേരിട്ട് തദ്ദേശ സ്വയംഭരണസ്ഥാപനത്തിൽ ഹാജരായി വെരിഫിക്കേഷൻ നടത്തേണ്ടതാണ്. ഓരോ തവണയും വെരിഫിക്കേഷന് ഹാജരാകുന്ന ഗുണഭോക്താവിന്റെ ഫോട്ടോ , ഐഡി കാർഡ് രേഖകൾ പരിശോധിച്ച് ഗുണഭോക്താവാണെന്ന് ഉറപ്പു വരുത്തേണ്ടതും ടിയാളിൽ നിന്ന് അർഹത സംബന്ധിച്ച സത്യവാങ്മൂലം വാങ്ങി സൂക്ഷിക്കേണ്ടതും അക്വിറ്റൻസ് രജിസ്റ്ററിൽ (ഫോറം 6) തീയതി വച്ച് ഒപ്പ് രേഖപ്പെടുത്തേണ്ടതുമാണ്.
ഗുണഭോക്താക്കൾ സത്യവാങ്മൂലം നല്കിയിട്ടുണ്ടെങ്കിലും വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. വരുമാന സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ തുക വിതരണം ചെയ്തത് മുകളിൽ സൂചിപ്പിച്ച സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. വരുമാന സർട്ടിഫിക്കറ്റുകൾ ഹാജരാക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നല്കുന്നത് ഒഴിവാക്കേണ്ടതും നിലവിൽ കൈപ്പറ്റിയ ഗുണഭോക്താക്കളുടെ അർഹതാ പരിശോധന നടത്തി അനർഹർ തുക കൈപ്പറ്റിയിട്ടുണ്ടെങ്കിൽ ആയത് തിരിച്ചു പിടിക്കേണ്ടതുമാണ്.

## 1-15 പുതുക്കിയ സർക്കാർ നിർദ്ദേശങ്ങൾ വരുന്നതിന് മുമ്പേ ആർജ്ജിതാവധി സറണ്ടർ ചെയ്തത്

05.11.2020 ലെ ജി.ഒ (പി)നം 152/2020/ധന പ്രകാരം സർക്കാർ ജീവനക്കാരുടെ 2021-2022 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ അനുവദിക്കുന്നതു സംബന്ധിച്ച് സർക്കാർ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു. കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ ഇപ്രകാരം ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ പുതുക്കിയ നിർദ്ദേശങ്ങൾ വരുന്നതിനു മുൻപേ ഗ്രാമ പഞ്ചായത്തിലെ ജീവനക്കാർക്ക് 2021-2022 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ അനുവദിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് ഉദ്യോഗപേര് | വൗച്ചർ നമ്പർ തീയതി തുക | അനുവദിച്ച തുക |
|---|---|---|---|
| 1 | അനിൽ കുമാർ പാടാച്ചേരി,<br>അസിസ്റ്റന്റ് സെക്രട്ടറി | 22100149/04-06-2021 | 64269 |
| 2 | ബിറ്റാജ് തോമസ്<br>ജൂനിയർ സൂപ്രണ്ട് | 22100149/04-06-2021 | 61272 |
| 3 | സി വി വിജയൻ<br>അക്കൗണ്ടന്റ് | 22100149/04-06-2021 | 57054 |
| 4 | പ്രമോദ് എ<br>സീനിയർ ക്ലർക്ക് | 22100149/04-06-2021 | 49395 |
| 5 | സുരേഷ് എം എം<br>സീനിയർ ക്ലാർക്ക് | 22100149/04-06-2021 | 48174 |
| 6 | ആശ തെക്കേക്കണ്ടത്തിൽ<br>സീനിയർ ക്ലാർക്ക് | 22100149/04-06-2021 | 43623 |
| 7 | സിന്ധു കെടി<br>സീനിയർ ക്ലാർക്ക് | 22100149/04-06-2021 | 44733 |
| 8 | റീന പി ക്ലാർക്ക് | 22100149/04-06-2021 | 34521 |
| 9 | ഷിബിൻ ജെ,ക്ലാർക്ക് | 22100149/04-06-2021 | 30304 |
| 10 | നിധിൻ പി എൻ,ക്ലാർക്ക് | 22100149/04-06-2021 | 30304 |

2021-2022 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ അനുവദിക്കുന്നതുമായി ട്രഷറി വകുപ്പ് ഡയറക്ടറുടെ 31.05.2021ലെ കത്ത് നമ്പർ TRY/1850/2021-E1 പ്രകാരം ആർജിതാവധി സറണ്ടർ അനുവദിക്കുന്നതിന് സർക്കാർ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ പുതുക്കിയ നിർദ്ദേശങ്ങൾ ലഭിച്ചതിനുശേഷം മാത്രമേ സംസ്ഥാന സർക്കാർ ജീവനക്കാരുടെ സറണ്ടർ ബില്ലുകൾ പരിഗണിക്കേണ്ടതുള്ളൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ ജീവനക്കാർക്ക് 2021-2022 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ അനുവദിച്ചിട്ടില്ല.

26.07.2021 ലെ ജി.ഒ (പി)നം 104/2021/ധന പ്രകാരം സർക്കാർ കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ സർക്കാർ ജീവനക്കാരുടെ ആർജിതാവധി സറണ്ടർ അനുവദിക്കുന്നതിന് ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ 01.06.2021 മുതൽ 6 മാസത്തേക്കുകൂടി ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്. പിന്നീട് വിവിധ സർക്കാർ ഉത്തരവുകൾ പ്രകാരം 31-12-2022 തീയതി വരെ ആർജിതാവധി സറണ്ടർ അനുവദിക്കുന്നതിന് ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(04/28.02.2023) സർക്കാർ നിർദ്ദേശങ്ങൾ വരുന്നതിന് മുമ്പാണ് ലീവ് സറണ്ടർ അനുവദിച്ചതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പുതുക്കിയ സർക്കാർ നിർദ്ദേശങ്ങൾ വരുന്നതിന് മുമ്പ് ആർജ്ജിതാവധി സറണ്ടർ ചെയ്യാൻ അനുമതി നല്കിയത് അപാകമാണ്. ഇത് സംബന്ധിച്ച സർക്കാർ നിർദ്ദേശങ്ങൾ അനുസരിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 ഐ കെ എം വിഹിതം നൽകൽ-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നമ്പർ | 02/2022 |
| പ്രോജക്റ്റിന്റെ പേര് | ഐ.കെ.എം. വിഹിതം നൽകൽ |

| | |
|---|---|
| അടങ്കൽ | ₹ 246749(വികസന ഫണ്ട്-സാധാരണ വിഹിതം ) |
| ചെലവഴിച്ച തുക | ₹ 246749 |
| ബിൽ നമ്പർ, തീയ്യതി, തുക | 86/01-10-2021/246749 |

സർക്കാർ ഉത്തരവ്( സാധാ) നം 1228/2016/തസ്വഭവ തീയതി 08-03-2016 പ്രകാരം ഗ്രാമപഞ്ചായത്തിന് ലഭിക്കുന്ന പ്ലാൻ ഫണ്ടിന്റെ 0.25 % നിർബന്ധമായും ഐ കെ എം ന്റെ പ്രവർത്തനത്തിന് വേണ്ടി മാറ്റിവയ്ക്കേണ്ടതാണെന്ന് നിർദേശം നൽകിയിട്ടുണ്ട്.2021-22 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിച്ച പ്ലാൻ ഫണ്ടിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | ഫണ്ട് വിവരം | ലഭിച്ച തുക |
|---|---|---|
| 1 | വികസനഫണ്ട് ജനറൽ | 25685000 |
| 2 | വികസനഫണ്ട് എസ് സി പി | 2927000 |
| 3 | വികസനഫണ്ട് ടി എസ് പി | 914000 |
| ആകെ | | 29526000 |

ഐ കെ എം ന്റെ 20-04-2021 തീയതിയിലെ എ 7/955/2021 നമ്പർ ഡിമാന്റ് നോട്ടീസ് പ്രകാരം 2015-16 മുതൽ 2021-22 വരെ നിശ്ചയിച്ച ഐ കെ എം വിഹിതം സംബന്ധിച്ച വിശദവിവരം ചുവടെ കൊടുക്കുന്നു.

| വർഷം | ഡിമാന്റ് | ഒടുക്കിയത് | ബാലൻസ് |
|---|---|---|---|
| 2015-16 | 51860 | 51860 | 0 |
| 2016-17 | 55453 | 0 | 55453 |
| 2017-18 | 79738 | 0 | 79738 |
| 2018-19 | 87433 | 87433 | 0 |
| 2019-20 | 86683 | 83000 | 3683 |
| 2020-21 | 89565 | 85000 | 4565 |
| 2021-22 | 103310 | 0 | 103310 |
| | | ആകെ | 246749രൂ |

2015-16 മുതൽ 2020-21 വരെയുള്ള കുടിശ്ശികയിനത്തിൽ ഓഡിറ്റ് വർഷം(2021-22 സാമ്പത്തിക വർഷം) ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടർക്ക് കൈമാറിയ 246749 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം 3/28.02.23 ) മറുപടിയായി വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.ആയത് ലഭ്യമാകുന്ന മുറക്ക് പരിശോധനക്ക് ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-17 കേരള പഞ്ചായത്ത് അസോസിയേഷന് ഗ്രാമപഞ്ചായത്തിൽ നിന്നും നൽകേണ്ട വരിസംഖ്യ ,പഞ്ചായത്ത് ഭവൻ ആധുനീകരിക്കുന്നതിനുള്ള ഗ്രാമപഞ്ചായത്ത് വിഹിതം-വിനിയോഗസാക്ഷ്യപത്രവും, കൈപ്പറ്റ് രശീതിയും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

വൗച്ചർ നമ്പർ,തുക 22100551/07-12-2021 ₹52000

1.സർക്കാർ ഉത്തരവ് (സാധാ) നം 2871/2017 തസ്വഭവ 22-08-2017 പ്രകാരം കേരള പഞ്ചായത്ത് അസോസിയേഷന് ഗ്രാമപഞ്ചായത്തിൽ നിന്നും നൽകേണ്ട വരിസംഖ്യ പ്രതിവർഷം 3000 രൂപയിൽ നിന്നും 6000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. 2016-17 മുതൽ 2020-21 സാമ്പത്തിക വർഷം വരെയുള്ള കുടിശികയിനത്തിൽ 27000രൂപ ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്ത് അസോസിയേഷന് നല്കിയിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | വർഷം | തുക |
|---|---|---|
| 1 | 2016-17 | 3000 |
| 2 | 2017-18 | 6000 |
| 3 | 2018-19 | 6000 |
| 4 | 2019-20 | 6000 |

| | | |
|---|---|---|
| 5 | 2020-21 | 6000 |

2.മേൽ കൊടുത്ത വൗച്ചർ നമ്പർ 22100551/07-12-2021 പ്രകാരമുള്ള 52000 രൂപയിൽ 25000 രൂപ സർക്കാർ ഉത്തരവ് (സാധാ) നം 2445/2019 തസ്വഭവ തീയതി 04-11-2019 പ്രകാരം പഞ്ചായത്ത് ഭവൻ ആധുനീകരിക്കുന്നതിനുള്ള ഗ്രാമപഞ്ചായത്ത് വിഹിതമായി നല്കിയതാണ്. പ്രസ്തുത തുകയുടെ കൈപ്പറ്റ്, വിനിയോഗ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.21/2023 തീയതി 01-03-2023) മറുപടിയായി പ്രസ്തുത തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാകുന്ന മുറക്ക് പരിശോധനക്ക് ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.വിനിയോഗവിവരം ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-18 ഘടകസ്ഥാപനങ്ങൾക്ക് അനാമത്ത് ചെലവ് - മുൻകൂർ ക്രമീകരിച്ചതുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കിയില്ല

2021-22 വർഷം തനത് ഫണ്ടിൽ നിന്നും താഴെ കൊടുത്ത ബില്ലുകൾ പ്രകാരം ഘടകസ്ഥാപനങ്ങൾക്ക് അനാമത്ത് ചെലവ് നിർവ്വഹിക്കുന്നതിന് തുക നൽകിയിട്ടുണ്ട്.

| ക്രമനം | തുക കൈപ്പറ്റിയ ഉദ്യോഗസ്ഥന്റ് പേര് | ബിൽ നം/തീയതി | നൽകിയ തുക |
|---|---|---|---|
| 1 | കൃഷി ഓഫീസർ | 2654/08-07-2021 | 15000 |
| 2 | ഹെഡ് മാസ്റ്റർ ജി യു പി എസ് പോത്തംകണ്ടം | 2654/08-07-2021 | 15000 |
| 3 | ഹെഡ് മാസ്റ്റർ ജി എൽ പി എസ്,നരമ്പിൽ | 2654/08-07-2021 | 15000 |
| 4 | വെറ്റിനറി സർജൻ | 2654/08-07-2021 | 15000 |
| 5 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 2654/08-07-2021 | 15000 |
| 6 | അസി.എഞ്ചിനീയർ | 2654/08-07-2021 | 15000 |
| 7 | ഹെഡ് മാസ്റ്റർ ജി എൽ പി എസ്,പെടേന | 2654/08-07-2021 | 15000 |
| 8 | ഹെഡ് മാസ്റ്റർ,ജി യു പി എസ്,അരവഞ്ചാൽ | 2654/08-07-2021 | 15000 |
| 9 | ഹെഡ് മാസ്റ്റർ ജി എൽ പി എസ് പൊന്നംവയൽ | 2654/08-07-2021 | 15000 |
| 10 | ഹെഡ് മാസ്റ്റർ ജി എൽ പി എസ്,കടുക്കാരം | 2654/08-07-2021 | 15000 |
| 11 | ഹെഡ് മാസ്റ്റർ ജി എൽ പി എസ്, പെരുന്തട്ടസൗത്ത് | 2654/08-07-2021 | 15000 |
| 12 | ആയുഷ് പി എച്ച് സി,അരവഞ്ചാൽ | 2654/08-07-2021 | 10000 |
| 13 | ആയുഷ് പി എച്ച് സി പൊന്നംവയൽ | 2654/08-07-2021 | 10000 |
| 14 | ആയുഷ് പി എച്ച് സി പൊറക്കുന്ന് | 2654/08-07-2021 | 10000 |
| 15 | മെഡിക്കൽ ഓഫീസർ ജി എ ഡി പാടിയോട്ടുചാൽ | 5013/12-10-2021 | 20000 |
| 16 | അസി.എഞ്ചിനീയർ | 5014/12-10-2021 | 15000 |
| 17 | ഹെഡ് മാസ്റ്റർ,ജി യു പി എസ് പോത്തംകണ്ടം | 1400/25-03-2022 | 10000 |
| 18 | ഹെഡ് മാസ്റ്റർ ജി എൽ പി എസ്,പെരിന്തട്ട സൗത്ത് | 1404/25-03-2022 | 10000 |
| 19 | ഹെഡ് മാസ്റ്റർ,ജി എൽ പി എസ്,പെടേന | 1402/25-03-2022 | 10000 |
| 20 | കൃഷി ഓഫീസർ | 1403/25-03-2022 | 15000 |
| 21 | ഹെഡ് മാസ്റ്റർ ജി യു പി എസ്,അരവഞ്ചാൽ | 1405/25-03-2022 | 10000 |
| 22 | വെറ്റിനറി സർജൻ | 1406/25-03-2022 | 10000 |
| 23 | അസി.എഞ്ചിനീയർ | 1407/25-03-2022 | 10000 |
| 24 | ഹെഡ് മാസ്റ്റർ ജി എൽ പി എസ്,നരമ്പിൽ | 1415/25-03-2022 | 10000 |
| 25 | ഹെഡ് മാസ്റ്റർ ജി എൽ പി എസ്,കടുക്കാരം | 1417/25-03-2022 | 10000 |
| 26 | ഹെഡ് മാസ്റ്റർ ,ജി എൽ യു പി എസ്,<br>പൊന്നം വയൽ | 1414/25-03-2022 | 10000 |
| | ആകെ | | ₹3,35,000 |

പ്രസ്തുത തുകകളുടെ വിനിയോഗസാക്ഷ്യപത്രങ്ങളും ചെലവ് രേഖകളും ഹാജരാക്കിയിട്ടില്ല. മുൻകൂർ തുക ക്രമീകരിച്ചതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-19 പഞ്ചായത്ത് ഓഫീസിലേക്ക് ലാപ്പ് ടോപ്പ് ,പ്രിന്റർ-വി ഇ ഒ ഓഫീസിലേക്ക് പ്രിന്റർ എന്നിവ വാങ്ങൽ-അപാകങ്ങൾ

| | |
|---|---|
| നിർവ്വഹണഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ / പേര് | 153/2022,പഞ്ചായത്ത് ഓഫീസിലേക്ക് ലാപ്പ് ടോപ്പ് ,പ്രിന്റർ-വി ഇ ഒ ഓഫീസിലേക്ക് പ്രിന്റർ എന്നിവ വാങ്ങൽ |
| അടങ്കൽ | 230866(തനത് ഫണ്ട്) |
| ചെലവ് | വൗച്ചർ നമ്പർ 22100455/02-11-2021-₹228926 |

മേൽ പ്രോജക്ട് നടപ്പിലാക്കിയതിലെ അപാകങ്ങൾ താഴെ കൊടുക്കുന്നു.
1.പ്രിന്റർ വാങ്ങുന്നതിനായി കെൽട്രോൺ സമർപ്പിച്ച ടാക്സ് ഇൻവോയ്സ്(ITP/ 11464/21-22 Dated 31-01-2022) ൽ രേഖപ്പെടുത്തിയ വിലയേക്കാൾ അധികം തുക ഗ്രാമപഞ്ചായത്ത് കെൽട്രോണിന് നൽകിയിട്ടുണ്ട്.വിശദവിവരം ചുവടെ കൊടുക്കുന്നു.

| പ്രിന്റർ വില | വാങ്ങിയ എണ്ണം | ജി എസ് ടി 18% | ആകെ | കെൽട്രോണിന് നൽകിയ തുക | അധികം നൽകിയത് |
|---|---|---|---|---|---|
| 10554.92 | 4 | 1899.88 | 49819 (42219.68+ 7599.54) | 51812 | 1993 |

അധികം നൽകിയ തുക തിരികെ ലഭിച്ചതിന്റെ വിവരം ലഭ്യമായിട്ടില്ല.
2.ലാപ് ടോപ്പ് സംബന്ധിച്ച വില വിവരങ്ങൾ സൈറ്റിൽ ലഭ്യമല്ലാത്ത സാഹചര്യത്തിൽ ഐ ടി മിഷന് നൽകിയ തുക തിരികെ വാങ്ങുവാനും GEM സൈറ്റ് വഴി ലാപ് ടോപ്പ് വാങ്ങുവാനും (11-02-2022 ലെ 38/2022(17) നമ്പർ തീരുമാനം) തീരുമാനമെടുക്കുകയും 31.03.22 തീയതിയിൽ 177114രൂപ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിക്കുകയും ചെയ്തിട്ടുണ്ട്.

ഇതു പ്രകാരം GEM സൈറ്റിൽ 06.03.2022 ന് ഓർഡർ നല്കുകയും "SERVICE SYSTEM" എന്ന സ്ഥാപനം GEM സ്പെസിഫിക്കേഷൻ അനുസരിച്ചുള്ള ലാപ് ടോപ് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.(ടാക്സ് ഇൻവോയ്സ് നം SS-518 Dated 10-03-2022) . ആയതിന്റെ വിലയായ 165759 രൂപ പ്രസ്തുത സ്ഥാപനത്തിന് അനുവദിക്കുന്നതിനും 2021-22 വാർഷിക പദ്ധതി ഭേദഗതി സമയം അവസാനിച്ചതിനാൽ 2022-23 വാർഷിക പദ്ധതിയിൽ പുതിയതായി പദ്ധതി രൂപീകരിക്കുന്നതിനും ഭരണസമിതി തീരുമാനമെടുത്തിട്ടുണ്ട്.(30.03.22 ലെ 97/22(4) നമ്പർ തീരുമാനം) .
ലാപ്പ് ടോപ്പുകൾക്കു വേണ്ടി നല്കിയ തുക തിരികെ ലഭിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത ചെലവും സുലേഖ ചെലവു പത്രികയിൽ ഉൾപ്പെടുത്തിയതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (05/2023 തീയതി 28-02-2023) മറുപടിയായി ലഭ്യമായ ഇൻവോയിസ് അനുസരിച്ചാണ് പ്രിന്ററിന് വില നൽകിയതെന്നും സുലേഖയിൽ രേഖപ്പെടുത്തിയ ചെലവ് വിവരങ്ങളിൽ മാറ്റം വരുത്തുന്നതിനായി ഐ കെ എം മായി ബന്ധപ്പെട്ടെങ്കിലും ഇതിൽ യാതൊരു മാറ്റവും വരുത്താൻ സാധിക്കില്ലെന്ന മറുപടിയാണ് ലഭിച്ചതെന്നും അറിയിച്ചിട്ടുണ്ട്. പ്രിന്ററിന് നൽകിയ അധികം തുക ക്രമീകരിക്കുകയോ തിരികെ ലഭ്യമാക്കുകയോ ചെയ്യേണ്ടതാണ്.

## 1-20 അങ്കണവാടി പോഷകാഹാര പദ്ധതി-അപാകങ്ങൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ സി ഡി എസ് സൂപ്പർവൈസർ |
| പ്രോജക്ട് നമ്പർ , പേര് | 19/22, അങ്കണവാടി പോഷകാഹാര പദ്ധതി |
| അടങ്കൽ ₹57,86,362 | ₹42,86,362-വികസന ഫണ്ട്, ജനറൽ, ₹15,00,000,കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം |
| ചെലവ് ₹57,56,645 (₹4274828-വികസന ഫണ്ട്, ₹1481817- കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം) | ബിൽ നമ്പർ,തീയതി, തുക<br>1/26.06.21 ₹18,79,816 , 2/29.08.21 ₹8,81,646, 4/25.11.21 ₹7,52,321 , 6/16.02.22 ₹7,61,045<br>വൗച്ചർ നമ്പർ,തീയതി,തുക -(ഐ എൽ ജി എം എസ്)<br>42100611/29.12.21 ₹315535 , 42100847/27.03.22 ₹970536 , 42100806/18.03.22 ₹195746 |

1)ന്യൂട്രിമിക്സ് യൂനിറ്റിന് ജി എസ് ടി- ടി ഡി എസ് ചെയ്യാതെ ബിൽ തുക നല്കി

ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51, 21.07.2018 ലെ 28-ാം ജി.എസ്.ടി കൗൺസിൽ തീരുമാനം, കേന്ദ്ര ധനകാര്യ മന്ത്രാലയം റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം 65/39/2018/DOR , സർക്കാർ ഉത്തരവ് (പി)162/2018/ധന തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജി.എസ്.ടി ബാധകമായ സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്യുന്നതിന ശേഷം തുക അനുവദിക്കുമ്പോൾ ആകെ കരാർ തുക 2.50 ലക്ഷം രൂപയിൽ അധികമാണെങ്കിൽ സ്രോതസ്സിൽ നിന്നും ജി എസ് ടി ഒഴികെയുള്ള തുകയുടെ 2% ജി.എസ്.ടി ടി.ഡി.എസ് (1% CGST + 1%SGST) ഈടാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.ജി എസ് ടി -ടി ഡി എസ് ചെയ്യാതെയാണ് ന്യൂട്രിമിക്സ് യൂനിറ്റിന് ബിൽ തുക നല്കിയിട്ടുള്ളത്.

2021-22 സാമ്പത്തിക വർഷം ന്യൂട്രിമിക്സ് യൂനിറ്റുകൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് നമ്പർ തീയതി | അളവ് (കി.ഗ്രാം) | തുക (70/കി ഗ്രാം + 5% ജി എസ് ടി) | യൂനിറ്റിന്റെ പേര് |
|---|---|---|---|
| 74/09.02.21 | 2389.5 | 175628 | കൈരളി |
| 77/08.03.21 | 2382.75 | 175132 | ,, |
| 81/05.04.21 | 2257.875 | 165956 | ,, |
| 93/06.05.21 | 2220.75 | 163225 | ,, |
| 95/25.06.21 | 2322 | 170667 | ,, |
| 99/23.07.21 | 2230.875 | 163969 | ,, |
| 100/30.08.21 | 2315.25 | 170170 | ,, |
| 112/31.12.20 | 2443.5 | 7244 (12/20 ലെ ബാക്കി തുക) | ,, |
| 109/27.10.21 | 2122.875 | 156031 | ,, |
| 106/29.09.21 | 2170.125 | 159504 | ,, |
| 113/17.11.21 | 2106.7 | 154791 | ,, |
| ആകെ | | ₹16,62,317 | |
| 28/16.12.21 | 2072.35 | 152310 | അമൃതം ന്യൂട്രിമിക്സ് |
| 34/26.01.22 | 2001.375 | 147101 | |
| ആകെ | | ₹299411 | |

സ്ഥാപനങ്ങൾ കൃത്യമായി ജി എസ് ടി റിട്ടേൺ ഫയൽ ചെയ്യുന്നുണ്ടെന്നാണ് ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണം നമ്പർ 13/28.02.23 ന് മറുപടി നല്കിയത്. മേൽപ്പറഞ്ഞ ബില്ലുകൾ റിട്ടേണുകളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

2. പ്രോജക്ട് തയ്യാറാക്കിയതിലെ വീഴ്ചകൾ.

ഗ്രാമപഞ്ചായത്ത് പരിധിയിൽ 40 അങ്കണവാടികളാണുള്ളത്. മൂന്ന് മാസം മുതൽ മൂന്ന് വയസ്സുവരെയും മൂന്ന് വയസ്സ മുതൽ ആറ് വയസ്സ വരെയും പ്രായമുള്ള കുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവരാണ് അങ്കണവാടികൾ മുഖേനയുള്ള പോഷകാഹാര വിതരണ പദ്ധതിയിൽ ഉൾപ്പെടുന്നത്.ഇതിൽ ഓരോ വിഭാഗത്തിലും എത്ര ഗുണഭോക്താക്കളുണ്ടെന്നോ എത്ര കാലറി വരുന്ന ഭക്ഷ്യവസ്തുക്കളാണ് ഓരോ വിഭാഗത്തിനും നല്കേണ്ടതെന്നോ ഏതൊക്കെ സാധനങ്ങൾ എത്ര വീതം വിതരണം ചെയ്യണമെന്നോ ഉള്ള വിവരങ്ങൾ പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയായി മൂന്ന് മാസം മുതൽ മൂന്ന് വയസ്സുവരെയുള്ള 540 കുട്ടികളും മൂന്ന് വയസ്സ മുതൽ ആറ് വയസ്സ വരെയുള്ള 520കുട്ടികളും 140 ഗർഭിണികളും 156മുലയൂട്ടുന്ന അമ്മമാരുമാണ് പദ്ധതി ഗുണഭോക്താക്കളെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ഭക്ഷ്യവസ്തുക്കൾ ഏതൊക്കെ എത്ര വീതം അളവിലാണ് ഓരോ വിഭാഗത്തിനും നല്കുന്നതെന്ന് വ്യക്തമാക്കിയിട്ടില്ല. അപാകം ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

അങ്കണവാടികൾ തുറന്നു പ്രവർത്തിക്കാത്ത സാഹചര്യത്തിൽ ഗുണഭോക്താക്കൾക്ക് ഭക്ഷ്യവസ്തുക്കൾ പാകം ചെയ്യാതെ വിതരണം ചെയ്യുകയാണ് ചെയ്തത്.

3.ട്രാൻസ്പോർട്ടേഷൻ കരാറുകാരന് അധിക തുക നല്കിയത്- 1500 രൂപ തിരിച്ചു പിടിക്കേണ്ടതാണ്.

ഭക്ഷ്യവസ്തുക്കൾ അങ്കണവാടികളിൽ എത്തിക്കുന്നതിനായി 16.06.21 തീയതിയിലാണ് ക്വട്ടേഷൻ ക്ഷണിച്ചത്.ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 25.06.21 തീയതിയിലെ 166/21(2) നമ്പർ തീരുമാന പ്രകാരം പ്രോജക്ട്

നമ്പർ 19/22 ന്റെ ഭാഗമായുള്ള സാധനങ്ങളുടെ വിതരണത്തിന് ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ മുഹമ്മദ് ഇഖ്ബാലിന്റെ ക്വട്ടേഷൻ അംഗീകരിച്ചിട്ടുണ്ട്.

ക്വാട്ട് ചെയ്ത നിരക്ക് താഴെ പറയും പ്രകാരമാണ്

ജനറൽ ഫീഡിംഗും ഡബ്ല്യുബിഎൻപി അരിയും ഒരു തവണ ഇറക്കാൻ 10800രൂപ

ന്യൂട്രിമിക്സ് ഒരു തവണ ഇറക്കാൻ 6700രൂപ

ഇതേ കരാറുകാരൻ തന്നെയാണ് 2020-21 സാമ്പത്തിക വർഷത്തെ വിതരണ കരാറും ഏറ്റെടുത്തിരുന്നത്. നിരക്ക് യഥാക്രമം ₹10,300 & ₹6200.

ട്രാൻസ്പോർട്ടേഷനുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

എ)ക്വട്ടേഷൻ അംഗീകരിക്കുന്നതിനു മുമ്പ് സാധനങ്ങൾ ഇറക്കിയത് മുൻവർഷത്തെ കരാറുകാരനെന്ന നിലയിൽ ശ്രീ മുഹമ്മദ് ഇഖ്ബാൽ തന്നെയാണ്. ഫിബ്രവരി , മാർച്ച് മാസങ്ങളിൽ സാധനങ്ങൾ ഇറക്കിയതിന് പഴയ നിരക്കിലാണ് തുക നല്കിയതെങ്കിലും ഏപ്രിൽ ,മെയ് മാസങ്ങളിൽ ഇറക്കു കൂലിയായി പുതിയ നിരക്കിൽ തുക നല്കിയത് ശരിയല്ല. ക്വട്ടേഷൻ അംഗീകരിക്കുന്നതിനു മുമ്പ് കരാറുകാരനെ നിശ്ചയിച്ചതും അപാകമാണ്.വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | നല്കിയ തുക | നല്കാവുന്ന തുക | അധികം നല്കിയത് |
|---|---|---|---|
| 05.04.21 ന്യൂട്രിമിക്സ് | 6700 | 6200. | 500. |
| 06.05.21 ന്യൂട്രിമിക്സ് | 6700 | 6200. | 500. |
| 20.05.21 അരി | 10800 | 10,300 | 500. |
| | ആകെ | | ₹1500. |

അധികം നല്കിയ തുക തിരിച്ചടക്കേണ്ടതാണ്.ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണം നമ്പർ 13/28.02.23 ന് മറുപടിയായി അടുത്ത ബിൽ നല്കുമ്പോൾ തുക ക്രമീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക ക്രമീകരിച്ചതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കേണ്ടതാണ്. 1500രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല.

## 1-21 തരിശുഭൂമി കൃഷിയോഗ്യമാക്കൽ പദ്ധതി - നെൽകൃഷി-അപാകങ്ങൾ

| | |
|---|---|
| പ്രൊജക്ടിന്റെ പേര് | സുഭിക്ഷ കേരളം തരിശ് ഭൂമി കൃഷിയോഗ്യമാക്കൽ - നെൽകൃഷി |
| പ്രൊജക്ട് നമ്പർ | 13/22 |
| അടങ്കൽ | ₹105000 (വികസന ഫണ്ട് സാധാരണ വിഹിതം) |
| ചെലവ്<br>ബിൽ നം. / തീയ്യതി | ₹105000<br>222/24.02.2022(ACR) |
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

സ.ഉ (സാധാ)നം.1009/2020/തസ്വഭവ തീയ്യതി 29.05.2020 പ്രകാരം മൂന്നു വർഷത്തിലധികമായി കാർഷിക പ്രവൃത്തികൾ ചെയ്യിട്ടില്ലാത്ത ഭൂമിയാണ് തരിശ് ഭൂമി ആയി പരിഗണിക്കേണ്ടത്.തരിശു ഭൂമിയാണെന്നും ആയത് കൃഷിയോഗ്യമാണെന്നും കാണിച്ച കൃഷി ഓഫീസറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് ആനുകൂല്യം അനുവദിക്കേണ്ടത്.പഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടത് ആകെ 26 പേരാണ്.എന്നാൽ ടി പദ്ധതി മുഖേന ധനസഹായം ലഭ്യമായത് 12 പേർക്കാണ്. ധനസഹായം ലഭ്യമായ പലരും ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവരാണ്. ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവരുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ധനസഹായം ലഭ്യമായ ഗുണഭോക്താവിന്റെ പേര് | നൽകിയ തുക |
|---|---|
| കുഞ്ഞിക്കണ്ണൻ പി | ₹8050 |
| ബിന്ദു കെ | ₹20930 |

| | |
|---|---|
| പങ്കജാക്ഷൻ പി | ₹11620 |
| വിമല | ₹3500 |
| കൃഷ്ണൻ പൊട്ടക്കുളത്ത് | ₹4620 |

കൂടാതെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട 18 പേർക്ക് ധനസഹായം ലഭ്യമായിട്ടുമില്ല. ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടവരെ ഒഴിവാക്കി, ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി (എൻക്വയറി നം.2/25.02.2023) നൽകിയപ്പോൾ ലിസ്റ്റിൽ ഉൾപ്പെട്ട 18 പേർ കൃഷി ചെയ്യാതിരുന്നതുകൊണ്ടാണ് ആനുകൂല്യം നിഷേധിച്ചതെന്നും ലിസ്റ്റിൽ പെടാത്ത 5 പേരുടെ കൃഷിയിടം പരിശോധിച്ച് കൃഷി യോഗ്യമാണെന്ന് ഉറപ്പ് വരുത്തിയാണ് അവരെ ധനസഹായത്തിന് പരിഗണിച്ചതെന്നും അടുത്ത ഗ്രാമസഭയിൽ ടി വ്യക്തികളെ ഉൾപ്പെടുത്തി സാധൂകരണം വാങ്ങി ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുത്തി സമർപ്പിക്കുന്നതുമാണെന്നുള്ള മറുപടിയാണ് ലഭ്യമാക്കിയത്.

അംഗീകൃത ഗുണഭോക്തൃ ലിസ്റ്റ് പട്ടിക തയ്യാറാക്കുന്നതു തന്നെ കർഷകരുടെ അപേക്ഷ വിവരം പരിശോധിച്ചിട്ടാകണം. ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാതെ ആനുകൂല്യം കൈപ്പറ്റിയവരുടെ തെരഞ്ഞെടുപ്പ് അതാത് ഗ്രാമസഭകളിൽ വച്ച് സാധൂകരിച്ചതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-22 നെൽകൃഷിക്ക് വിത്ത് വിതരണം- കൂലി ചെലവ് സബ്സിഡി-അപാകങ്ങൾ

| | |
|---|---|
| പ്രൊജക്ടിന്റെ പേര് | നെൽകൃഷിക്ക് വിത്ത് വിതരണം - കൂലി ചെലവ് സബ്സിഡി |
| പ്രൊജക്റ്റ് നമ്പർ | 8/22 |
| അടങ്കൽ | ₹219980(വികസന ഫണ്ട് )<br>₹144500(ബ്ലോക്ക് പഞ്ചായത്ത് വിഹിതം )<br>ആകെ ₹364480 |
| ചെലവ് | ബിൽ നം. / തീയ്യതി തുക<br>56/16.08.2021 (ACR) ₹51000<br>1/21-22/26.08.21(Treasury Bill Book ) ₹51000<br>237/25.02.22 (ACR) ₹49580<br>1436/25.03.22(BillRegister) ₹93500<br>ആകെ ₹245080 |
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

പാടശേഖരാടിസ്ഥാനത്തിലോ,അല്ലാതെയോ ഒന്നാം വിള/ രണ്ടാം വിള നെൽകൃഷി ചെയ്യുന്ന കർഷകർക്ക് ഹെക്ടറിന് 17000/- രൂപ നിരക്കിൽ കൂലി ചെലവ് സബ്സിഡിയും 15 ഹെക്ടർ സ്ഥലത്ത് വിത്തും നല്കുന്നതിനാണ് മേൽ പ്രൊജക്റ്റ് തയ്യാറാക്കിയത്. പഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം പ്രസ്തുത പദ്ധതിക്ക് 116 ഗുണഭോക്താക്കളാണുള്ളത്. സബ്സിഡി നല്കിയത് 96 പേർക്കാണ്.ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് ബിൽ നം.1436/25.03.22 പ്രകാരം ആനുകൂല്യം അനുവദിച്ചിട്ടുണ്ട്.

A.ദുഷ്യന്തൻ കെ(A/c No.42242200065537),5644/- രൂപ ധനസഹായം നൽകി.

B. ശ്രീജ കെ(A/c No.4240221000 6931),7480/- രൂപ ധനസഹായം നൽകി

ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം. 28/02.03.22) നൽകിയതിന് അടുത്ത ഗ്രാമസഭയിൽ ടി വ്യക്തികളെ ഉൾപ്പെടുത്തി സാധൂകരണം നേടുന്നതാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടവരെ ഒഴിവാക്കി ഉൾപ്പെടാത്തവർക്ക് ധനസഹായം അനുവദിക്കുന്നത് ശരിയായ നടപടിയല്ല. പ്രസ്തുത വ്യക്തികളുടെ തെരഞ്ഞെടുപ്പ് ഗ്രാമസഭകൾ സാധൂകരിച്ചതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-23 നെൽകൃഷിക്ക് വിത്ത് വിതരണം കൂലി ചെലവ് സബ്സിഡി (സ്പിൽ ഓവർ)-അപാകങ്ങൾ

| | |
|---|---|
| പ്രൊജക്ടിന്റെ പേര് | നെൽകൃഷിക്ക് വിത്ത് വിതരണം കൂലി ചെലവ് സബ്സിഡി (സ്പിൽ ഓവർ) |
| പ്രൊജക്റ്റ് നമ്പർ | 89/22 |
| അടങ്കൽ | ₹255000( ബ്ലോക്ക് |

| | |
|---|---|
| | പഞ്ചായത്ത് വിഹിതം ) |
| ചെലവ് ബിൽ നം./ തീയതി | ₹255000 29/21-22, 11/1/22 (As Per Main Cash Book P No.79) |
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

2021-22 വാർഷിക പദ്ധതിയിൽ സ്പിൽ ഓവർ പദ്ധതിയായി ഉൾപ്പെടുത്തിയതാണ് മേൽപ്രൊജക്ട് .നെൽകൃഷിക്ക് വിത്ത് വിതരണവുമായി ബന്ധപ്പെട്ട് കൂലി ചെലവ് നൽകുന്നതിനായി 2020-21 കാലയളവിൽ അംഗീകരിച്ചത് 48 പേരടങ്ങിയ ഗുണഭോക്തൃ ലിസ്റ്റാണ്. എന്നാൽ ടി പദ്ധതി പ്രകാരം 170 ഗുണഭോക്താക്കൾക്ക് ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത ഗുണഭോക്താക്കളെ ഗ്രാമസഭകൾ സാധൂകരിച്ചിട്ടുണ്ടോ എന്നും അഡീഷണൽ ലിസ്റ്റ് അംഗീകരിച്ചിട്ടുണ്ടോയെന്നും അറിയുന്നതിനായി ഓഡിറ്റ് എൻക്വയറി (എൻക്വയറി നം. 29/2.3.23) ആവശ്യപ്പെട്ടത് പ്രകാരം ഗുണഭോക്തൃ ലിസ്റ്റ് പുതുക്കിയത് പഞ്ചായത്തിൽ 07.09.20 ന് നൽകിയിട്ടുണ്ടെന്നും ആയത് ഗ്രാമസഭ അംഗീകരിച്ചിട്ടുണ്ടെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയത്. പഞ്ചായത്ത് അംഗീകരിച്ച ലിസ്റ്റ് ലഭ്യമാക്കിയതിൽ മുഴുവൻ ഗുണഭോക്താക്കളും ഉൾപ്പെട്ടിട്ടില്ല.

താഴെ പറയുന്നവർ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാതെ ധനസഹായം കൈപ്പറ്റിയവരാണ്.

| ക്രമ നമ്പർ | ധനസഹായം ലഭ്യമായവരുടെ പേര് | ലഭ്യമായ തുക |
|---|---|---|
| 1 | സഞ്ജയൻ പി | ₹1700 |
| 2 | വർക്കി അമ്പാട്ട് | ₹1700 |
| 3 | കെ. ജാനകി | ₹680 |
| 4 | അമ്മിണി കെ | ₹1020 |
| 5 | ദിനേശ് കുമാർ പി പി | ₹1700 |
| 6 | ചന്തുക്കുട്ടി ടി വി | ₹2040 |
| 7 | രാജീവൻ പി വി | ₹1190 |
| 8 | പ്രസീത കാനാ വീട്ടിൽ | ₹1360 |
| 9 | അശോക് കുമാർ പി വി | ₹1020 |
| 10 | മുസ്തഫ എം | ₹1700 |
| 11 | കുട്ടിയമ്മ കെ എം | ₹680 |

അർഹതപ്പെട്ടവർക്ക് ധനസഹായം ലഭ്യമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഗ്രാമസഭകളിൽ മേൽപ്പറഞ്ഞവരുടെ തെരഞ്ഞെടുപ്പ് സാധൂകരിക്കപ്പെട്ടിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കേണ്ടതാണ്. പ്രസ്തുത വിഷയത്തിൽ ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-24 ഫാമിലി വെൽഫെയർ സെന്ററുകൾക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ - അപാകങ്ങൾ

| | |
|---|---|
| പ്രൊജക്ടിന്റെ പേര് | ഫാമിലി വെൽഫെയർ സെന്ററുകൾക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ |
| പ്രൊജക്ട് നമ്പർ | 28/22 |
| അടങ്കൽ | ₹256000 (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ചെലവ് | ₹159188 |

| | |
|---|---|
| ബിൽ നം. / തീയതി | 240/04.03.2022(ACR) |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി |

5 ഫാമിലി വെൽഫെയർ സെന്ററുകൾക്ക് 4 കമ്പ്യൂട്ടറുകളും 1 ലാപ്പ്ടോപ്പും അനുബന്ധ ഉപകരണങ്ങളും വാങ്ങി നൽകുകയാണ് പദ്ധതി ലക്ഷ്യം.കെൽട്രോണിൽ നിന്നും ലഭ്യമാക്കിയ പ്രൊഫോമ ഇൻവോയ്സ് (TVM/ITBG/PI/RC /34753,09.02.22) പ്രകാരം 4 ഡെസ്ക്ടോപ്പുകൾക്കായി ₹159188 (₹39797*4) കേരള സ്റ്റേറ്റ് ഐ ടി മിഷന് നൽകിയിട്ടുണ്ട്.

നാളിതുവരെയായി കമ്പ്യൂട്ടർ ലഭിച്ചില്ലായെന്നും ,സാമ്പത്തിക വർഷം മാറിയതിനാൽ പ്രസ്തുത ഉപകരണങ്ങൾ വാങ്ങാൻ അധിക തുക നൽകാൻ കെൽട്രോൺ ആവശ്യപ്പെട്ടുവെന്നും ആയതിനാൽ ആവശ്യം ഒഴിവാക്കി കെൽട്രോണിൽ നിന്നും അടച്ച തുക തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും 09.11.22 തീയതിയിലെ 1025/22 നമ്പർ കത്തു പ്രകാരം താലൂക്ക് ആശുപത്രി സൂപ്രണ്ട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.കമ്പ്യൂട്ടറുകൾ ലഭ്യമാക്കുന്നതിന് കാലതാമസം വന്നതിനാൽ കെൽട്രോണുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടി, സി പി ആർ സി എസ് പോർട്ടൽ വഴിയാണോ പർച്ചേസ് ഓർഡർ നല്കിയത്,പുതുക്കിയ തുകയുമായി ബന്ധപ്പെട്ട് കെൽട്രോൺ രേഖാമൂലം നൽകിയ അറിയിപ്പ് തുടങ്ങിയ കാര്യങ്ങൾക്ക് വ്യക്തത വരുത്തുന്നതിന് ഓഡിറ്റ് എൻക്വയറി (എൻക്വയറി നം.1/25.02.23) നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നാണ് അറിയിച്ചത്. ₹159188 അടിയന്തരമായി കെൽട്രോണിൽ നിന്നും തിരികെ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-25 പ്രത്യേക കന്നുകുട്ടി പരിപാലനം-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

| | |
|---|---|
| പ്രൊജക്റ്റിന്റെ പേര് | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി |
| പ്രൊജക്റ്റ് നമ്പർ | 33/22 |
| അടങ്കൽ ₹2800000 | ₹700000(വികസന ഫണ്ട് പൊതുവിഭാഗം) ₹700000(സംസ്ഥാന സർക്കാർ വിഹിതം ) ₹1400000(മറ്റുള്ളവ) |
| ചെലവ് ബിൽ നം./ തീയതി | ₹700000 195/25.01.2022 (ACR) |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |

4 മുതൽ 6 മാസം വരെ പ്രായമുള്ള കന്നുകുട്ടികളെ തെരഞ്ഞെടുത്ത് 50% സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം ചെയ്യുന്നതാണ് മേൽ പ്രൊജക്റ്റിന്റെ പ്രധാന ഉദ്ദേശ്യലക്ഷ്യം. പഞ്ചായത്ത് തീരുമാന പ്രകാരം 147 ഗുണഭോക്താക്കളുടെ അന്തിമ ലിസ്റ്റ് ടി പദ്ധതിക്കായി അംഗീകരിച്ചിട്ടുണ്ട്. ബിൽ നം.195 തീയ്യതി 25.01.2022 പ്രകാരം മേൽ പദ്ധതിക്കായി എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടറുടെ അക്കൗണ്ടിലേക്ക് (A/c No.719011400000003) ₹700000 നൽകിയിട്ടുണ്ട്.2021-22 വർഷത്തിലെ കാലിത്തീറ്റ വിതരണത്തിനായി പെരിങ്ങോം ക്ഷീര സംഘം, പെരിന്തട്ട ക്ഷീര സംഘം എന്നിവരെ ചുമതലപ്പെടുത്തി പഞ്ചായത്ത് തീരുമാനം അംഗീകരിച്ചിട്ടുണ്ട്. കാലിത്തീറ്റ വിതരണവുമായി ബന്ധപ്പെട്ട് അളവ്, ഗുണമേന്മ തുടങ്ങിയവ മോണിറ്ററിംഗിന് വിധേയമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. പദ്ധതി നിർവ്വഹണം പൂർത്തിയാകുന്ന സമയത്ത് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 1-26 മുട്ടക്കോഴി വിതരണം-അപാകങ്ങൾ - 300000/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

| | |
|---|---|
| പ്രൊജക്ടിന്റെ പേര് | മുട്ടക്കോഴി വിതരണം |
| പ്രൊജക്ട് നമ്പർ | 47/22 |
| അടങ്കൽ | ₹300000( വികസന ഫണ്ട്- പൊതു വിഭാഗം) |
| ചെലവ്<br>ബിൽ നം. / തീയ്യതി | ₹300000<br>178/14.01.2022 |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |

ഗ്രാമപഞ്ചായത്തിൽ സ്ഥിരതാമസമുള്ള വ്യക്തികൾക്ക് ഒരു യൂണിറ്റിന് 600 രൂപ നിരക്കിൽ 500 പേർക്ക് 5 കോഴിക്കുഞ്ഞുങ്ങൾ അടങ്ങിയ ഒരു യൂണിറ്റ് വീതം വിതരണം നടത്തുക എന്നതാണ് പദ്ധതി ലക്ഷ്യം.2020-21 കാലയളവിൽ അംഗീകരിച്ച അതേ ലിസ്റ്റിൽ നിന്നാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത്. വരുമാന പരിധി ഉറപ്പ വരുത്തിയതുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ അർഹതപ്പെട്ടവരെയാണോ പദ്ധതിക്കായി തെരഞ്ഞെടുത്തതെന്ന് വ്യക്തമല്ല. സ്മൃതി എഗ്ഗർ നഴ്സറി, മുട്ടത്തിൽ എഗ്ഗർ നഴ്സറി എന്നീ സ്ഥാപനങ്ങളിൽ നിന്നും യഥാക്രമം 800,1700 കോഴിക്കുഞ്ഞുങ്ങളെ ലഭ്യമാക്കിയതായി ബിൽ നം.103(4.01.22),237(28.12.2021) പ്രകാരം കാണാം. ഈ സ്ഥാപനങ്ങളെ തെരഞ്ഞെടുത്തതുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കിയിട്ടില്ല. മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.6/28.2.23) മറുപടി ലഭ്യമാക്കിയിട്ടില്ല. മോണിറ്ററിംഗ് റിപ്പോർട്ടും ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ 300000/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 1-27 PMAY വിഹിതം ബ്ലോക്കിന് കൈമാറൽ -തുക തിരികെ ഒടുക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,പാടിയോട്ടുചാൽ |
| പദ്ധതിയുടെ പേര് | PMAY ഗ്രാമപഞ്ചായത്ത് വിഹിതം ബ്ലോക്കിന് കൈമാറൽ - 2021-22ജനറൽ - New |
| പ്രൊജക്ട് നം | 166/22 |
| അടങ്കൽ | വികസന ഫണ്ട് (പൊതു വിഭാഗം)- ₹2,80,000/- |
| ചെലവ് | ബിൽ നം. 217 തീയതി 17.02.2022 ₹2,80,000 |

